# അൽഹഖ്

ഏപ്രിൽ 2006

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | PRIVATE CIRCULATION


## ധനത്യാഗം പ്രധാനം; അത് യുവത്വകാലത്ത് ചെയ്യുക



### ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്


وَاَنْفِقُوْا فِيْ سَبِيْلِ اللّٰهِ وَلَا تُلْقُوْا بِاَيْدِيْكُمْ اِلَى التَّهْلُكَةِ ۛ
وَاَحْسِنُوْا ۛ اِنَّ اللّٰهَ يُحِبُّ الْمُحْسِنِيْنَ ﴿١٩٦﴾

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പ്രിയങ്കരമായ ജമാഅത്തിനുമേൽ അല്ലാഹുവിന്റെ വലിയ ഔദാര്യമാണുള്ളത്. ഇതിൽ ചേർന്നതിനുശേഷം ജമാഅത്തംഗങ്ങൾ തങ്ങളുടെ പ്രതിജ്ഞയനുസരിച്ച് ധനത്യാഗത്തിൽ മത്സരിച്ച് മുന്നേറുന്നു. പക്ഷേ, അല്ലാഹുവിന്റെ കല്പനയ്ക്കുവിധേയനായിക്കൊണ്ട് നല്ല കാര്യങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കേണ്ടത് ആവശ്യമാണ്. നബി(സ) തിരുമേനിയുടെ സുന്നത്തനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് സന്ദർഭോചിതം ജമാഅത്തിനോട് ധനത്യാഗത്തെ സംബന്ധിച്ച് പറഞ്ഞുകൊണ്ടിരിക്കേണ്ടതുമാണ്. ആരെങ്കിലും മടികാണിക്കുകയാണെങ്കിൽ അവരുടെ ശ്രദ്ധ ഈ ഭാഗത്തേക്ക് പെട്ടെന്ന് തിരിയുന്നതിനുവേണ്ടിയാണിത്. പുതിയതായി വരുന്നവർക്ക് പ്രത്യേകിച്ച് ചെറുപ്പക്കാർക്ക് ധനത്യാഗത്തെ സംബന്ധിച്ച് ബോധം വരികയും വേണം. ധനത്യാഗം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണെന്ന് അവർക്ക് മനസ്സിലാകണം. അവർ തങ്ങളുടെ പരിഷ്ക്കരണത്തിനും, തങ്ങളുടെ ആത്മാവിന്റെ ശുദ്ധീകരണത്തിനുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവരായിത്തീരണം. അല്ലാഹു പറയുന്നു: ***അൻഫിക്കൂ ഖയ്റുൻല്ലി അൻഫുസിക്കും***. സ്വന്തം ധനം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിച്ചുകൊണ്ടിരിക്കുക. അത് നിങ്ങളുടെ ആത്മാവിന് ഉത്തമമായിരിക്കും. വിശുദ്ധ ഖുർആനിൽ ധനത്യാഗത്തിലേക്ക് ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനെക്കുറിച്ച് നിരവധി നിർദ്ദേശങ്ങളുണ്ട്. തന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവർക്ക് പൂർണ്ണമായ പ്രതിഫലം അല്ലാഹു നല്കുമെന്ന സുവാർത്തയുമുണ്ട്. ഈ ലോകത്തും അവർക്ക് പ്രതിഫലമുണ്ട്. മരിച്ചതിനുശേഷവും അവർ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിരിക്കും. അതുകൊണ്ട് എപ്പോഴും നിങ്ങളുടെ ധനത്തിന്റെ ഏറ്റവും നല്ല ഭാഗം അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക.

നബി(സ) തിരുമേനിയുടെ എല്ലാ കഴിവുകളും ഛായ എന്ന നിലയിൽ നമുക്ക് കരസ്ഥമാക്കാനുള്ള കഴിവ് നമ്മുടെ പ്രകൃതിക്ക് നല്കിയില്ലായിരുന്നെങ്കിൽ, ആ നബിയെ പിന്തുടരാൻ നമ്മോടു കല്പിക്കുമായിരുന്നില്ല. കാരണം അല്ലാഹുത ആല കഴിവിനെക്കാളധികം ബുദ്ധിമുട്ടുകൾ നല്കുകയില്ല. അവൻ തന്നെ പറയുന്നു: ***ലായുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ*** (അല്ലാഹു ഒരാൾക്കും അവന്റെ കഴിവിൽ പെട്ടതല്ലാതെ ഉത്തരവാദിത്തമേല്പിക്കുന്നില്ല)

'***ലാ യുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ***' എന്നാണ് അല്ലാഹു പറഞ്ഞത്, അതുകൊണ്ട് എല്ലാ ചന്ദകളും അടച്ചുതീർക്കുക എന്നത് നമ്മുടെ കഴിവിന്നതീതമാണ്' എന്ന് ഒഴികഴിവ് പറയുന്നവർക്കുള്ള വിശദീകരണമാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദ്ദേശത്തിൽനിന്ന് നമുക്ക് കിട്ടിയത്. അല്ലാഹു ബുദ്ധിമുട്ടിക്കുകയില്ലെന്നത് ശരിതന്നെയാണ്. പക്ഷേ, നബി(സ) തിരുമേനി സ്ഥാപിച്ച മാതൃക, അതിലൂടെ നടന്നുകൊണ്ട് സ്വഹാബത്ത് വരിച്ച ത്യാഗങ്ങൾ അവർ തങ്ങളിൽ ഞെരുക്കം സൃഷ്ടിച്ചുകൊണ്ടാണ് ആ ത്യാഗങ്ങൾ ചെയ്തത്. ഹസ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ കഴിവുകൾ



അധികമായിരുന്നു. അദ്ദേഹം അതനുസരിച്ച് ത്യാഗങ്ങൾ ചെയ്തു. അല്ലാഹു തന്നോടു നല്ലനിലയിൽ പെരുമാറുന്നതിനെ സംബന്ധിച്ചും അദ്ദേഹത്തിന് അറിവുണ്ടായിരുന്നു. ഇന്ന് താൻ തന്റെ വീട്ടിലെ എല്ലാ സാധനങ്ങളും ത്യാഗം ചെയ്താലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ കൂടുതൽ തനിക്ക് കിട്ടുമെന്ന് അദ്ദേഹം അറിഞ്ഞിരുന്നു. അല്ലാഹു തനിക്ക് നല്കിയ കഴിവുകൊണ്ട് കൂടുതൽ ധനം തനിക്ക് ഉണ്ടാക്കാൻ കഴിയുമെന്ന് അദ്ദേഹം മനസ്സിലാക്കി. തവക്കുലും അദ്ദേഹത്തിനുണ്ടായിരുന്നു. ദൃഢവിശ്വാസവും ഉണ്ടായിരുന്നു.

ധനത്യാഗം തർബിയ്യത്തിനും ന്യൂനതകൾ പരിഹരിക്കുന്നതിനുമുള്ള മാർഗ്ഗമാണ്. കുറച്ച് ധനത്യാഗം ചെയ്യുകയും, തെറ്റായ വിവരം നല്കി തങ്ങളുടെ വരുമാനം മറച്ചുവയ്ക്കുകയും ചെയ്യുകയാണെങ്കിൽ, ധനത്യാഗം ചെയ്യുന്നവരുടെ ആത്മാക്കളെ പരിശുദ്ധരാക്കുമെന്ന അല്ലാഹുവിന്റെ വാഗ്ദാനം അവിടെ പുലരുകയില്ല. കാരണം അല്ലാഹു ഓരോ മനുഷ്യന്റേയും ഹൃദയാവസ്ഥ അറിയുന്നവനാണ്. മനുഷ്യന്റെ എല്ലാ അവസ്ഥകളും അവൻ അറിയുന്നു. ഒന്നും അവനിൽനിന്ന് മറഞ്ഞതല്ല. അത്തരം ധനത്യാഗത്തിന് ഒരു നേട്ടവും ഉണ്ടാകുകയില്ല. ഇത് പിന്നീട് തർബിയ്യത്തിന്റെ കുറവിന് കാരണമാകുമെന്ന് മാത്രമല്ല മറ്റുള്ളവർക്ക് തെറ്റായ മാതൃകയായിത്തീരുകയും ചെയ്യും. കളവ് പറയാനും കാരണമായിത്തീരും. അതുകൊണ്ട് അത്തരക്കാർ പൂർണ്ണമായും ചന്ദയിൽനിന്ന് ഒഴിവ് നേടുന്നതാണ് ഉത്തമം.

വരുമാനം തെറ്റായിപ്പറയുന്ന കാരണത്താൽ ഇവർ കളവിന് വശംവദരായിത്തീരുന്നു. ഇതിൽനിന്ന് രക്ഷപ്പെടുക. കാരണം കളവിനെക്കുറിച്ച് അല്ലാഹു പറയുന്നത് അത് ശിർക്കിലേക്ക് കൊണ്ടുപോകുന്നു എന്നാണ്. ഇത്തരം രീതി സ്വീകരിച്ചിട്ടുള്ള കുറച്ചാളുകളുണ്ട്. അവർക്ക് വലിയ താക്കീതാണുള്ളത്. അല്ലാഹു എല്ലാ അഹ്മദികളേയും ഇതിൽനിന്ന് രക്ഷപ്പെടുത്തുമാറാകട്ടെ. ഭാരമായി കരുതാതെ നമ്മൾ സന്തോഷത്തോടെ ധനത്യാഗം ചെയ്യുന്നവരായിത്തീരട്ടെ. അല്ലാഹുവിനുവേണ്ടി ചെയ്യപ്പെടുന്ന ത്യാഗങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹം എന്നു കരുതിചെയ്യുക. അല്ലാഹുവിനോട് അല്ലെങ്കിൽ ജമാഅത്തിനോട് നമ്മൾ ഔദാര്യമാണ് ചെയ്യുന്നതെന്ന വിചാരം ഉണ്ടാകരുത്. അല്ലാഹു പറയുന്നു: എനിക്കെന്ത് ഔദാര്യം ആര് ചെയ്യാനാണ്? ഞാൻ നിങ്ങൾ ചെയ്യുന്ന ത്യാഗ


*(ശേഷം പേജ് 3 ൽ)*


## യേശുവിനെക്കുറിച്ച് പുതിയ വെളിപ്പെടുത്തൽ!!

### ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ വന്നത്

2000 വർഷത്തോളം പഴക്കമുള്ള അടിസ്ഥാന ക്രിസ്തുമത തത്വങ്ങളിലൊന്നായ യൂദാസിന്റെ വെറുക്കപ്പെട്ട പ്രതിഛായ ഒരുവലിയ കെട്ടുകഥയാണെന്ന് അവകാശപ്പെട്ടുകൊണ്ടുള്ള ചരിത്രപരമായ ഒരു വെളിപ്പെടുത്തൽ 2006 ഏപ്രിൽ 8-ന്റെ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് പത്രം പ്രസിദ്ധീകരിച്ചിരിക്കുന്നു.

Gospel of Judas (ജൂദാസിന്റെ സുവിശേഷം) എന്ന പേരിലുള്ള ഒരു വിശുദ്ധഗ്രന്ഥത്തിന്റെ 1700 വർഷം പഴക്കമുള്ള ഒരു പ്രതി 1970-കളിൽ ഈജിപ്തിനടുത്തുള്ള മിൻയാ എന്ന സ്ഥലത്താണ് കണ്ടെടുക്കപ്പെട്ടത്. 1978-ൽ പുരാതനവസ്തുക്കളുടെ ഒരു ഈജിപ്ഷ്യൻ കച്ചവടക്കാരന്റെ കയ്യിൽ അത് വന്നുചേർന്നു.

'പേപ്പിറസ്' എന്ന ഒരു തരം പുരാതന കടലാസിന്റെ ഇരുഭാഗത്തുമായി കോപ്റ്റിക്ക് ലിപിയിൽ എഴുതിയിരുന്നതായി കാണപ്പെട്ട യൂദാസിന്റെ സുവിശേഷം 1700 വർഷമായി ഈജിപ്ഷ്യൻ മരുഭൂമിയിലെ ഏതോ ഗുഹാപ്രദേശത്ത് ഒരു തുകലിൽ പൊതിഞ്ഞ നിലയിൽ മറഞ്ഞുകിടക്കുകയായിരുന്നത്രേ.

എ.ഡി. 300-നടുത്ത് അസ്സൽ ഗ്രീക്ക് ഗ്രന്ഥത്തിൽനിന്നും പരിഭാഷപ്പെടുത്തിയതാണ് ഇപ്പോൾ കണ്ടുകിട്ടിയ ഗ്രന്ഥം എന്നാണ് നാഷണൽ ജിയോഗ്രാഫിക്ക് സൊസൈറ്റിയിലെ ടെറിഗ്രാഷ്യ അഭിപ്രായപ്പെട്ടത്.

വളരെ വിചിത്രമാണ് ഈ അസാധാരണഗ്രന്ഥത്തിന്റെ ഉള്ളടക്കം. യേശുദേവനെഏറ്റവുമേറെ മനസ്സിലാക്കിയിട്ടുള്ള ശിഷ്യനാണ് യൂദാസ് ഇസ്കാരിയട്ട് എന്നാണ് ഇതിലെ വെളിപ്പെടുത്തൽ.



Kozhikode • Saturday, 8 April 2

www.newindpress.com

The New

...dian Expre...

SARVATRA VIJAYAM

...udas didn't 'betray' Jesus Christ

...ERS

...shington, April 7: Judas Iscariot, vilified ... Christ's betrayer, acted at Jesus' request ... turning him over to the authorities who ... ucified him, according to a 1,700-year- ... d copy of the 'Gospel of Judas'.

In an alternative view to traditional ... hristian teaching, the Gospel of Judas, ... nveiled on Thursday, shows the reviled ... sciple as the only one in Jesus' inner ... le who understood his desire to shed ... is earthly body.

"H... the good guy in this portrayal," said Ba... Ehrman, a religion professor at the Univ...ity of North Carolina at Chapel Hill. "He's t... only apostle who understands Je..."

The Gospel of Ju...' introduction says it is "the secret account ... the revelation that Jesus spoke in conversation ... ith Judas Iscariot." Later, it quotes Jesus as ... ing to Judas, "You will exceed all of them (the other disciples) for you will sacrifice the man who clothes me."

"The idea in this gospel is that Jesus, like all of us, is a trapped spirit, who is trapped in a material body," Ehrman said.

"And salvation comes when we escape the materialist nature of our existence, and Judas is the one who makes it possible for him to escape by allowing his body to be killed."

Rev Donald Senior, president of Catholic Theological Union in Chicago, said the document revealed the diversity and vitality in early Christianity.

"The question becomes ... does this tradition, this alternative story, if you like, in the Gospel of Judas have a claim that in some sense is equal to the rival claim of the gospel tradition?" Senior said.

It is not known who wrote the Gospel of Judas. The copy unveiled is of a document mentioned critically in the year 180 in a treatise called 'Against Heresies,' written by Irenaeus, Bishop of L... in what was then Roman Gaul. It ...oke out against those whose vie... about Jesus differed from those ... the mainstream Christian church...

Gospel found in Egyptian cavern, P 9

ഈ ശിഷ്യൻ 30 വെള്ളികാശ് വാങ്ങി ഗുരുവിനെ ഒറ്റിക്കൊടുത്തത് യേശുദേവൻതന്നെ നേരിട്ട് നിർദ്ദേശിച്ചപ്രകാരമായിരുന്നുവെന്നും യേശുദേവന്റെ ആഗ്രഹപ്രകാരമായിരുന്നുവെന്നുമാണ് ഇതിൽ വിശദീകരിച്ചിട്ടുള്ളത്. ദൈവപുത്രനായ യേശുവിന്റെ താല്ക്കാലികമായ ഭൗതികാവരണം മാത്രമായിരുന്നു ശരീരമെന്നും ആ ശരീരമെന്ന ആവരണം അഴിച്ചുമാറ്റാനുള്ള ഒരു ഉപാധിയായി തന്നെ കുരിശിലേറ്റി ഭൗതികമരണത്തിന് വിധേയനാവാൻ അദ്ദേഹം തീർച്ചപ്പെടുത്തി എന്നും അക്കാര്യം രഹസ്യമായി തന്റെ ഏറ്റവും പ്രിയശിഷ്യനായ യൂദാസിനോട് പറഞ്ഞുവെന്നും ആ നിർദ്ദേശം അക്ഷരാർത്ഥത്തിൽ ജൂദാസ് നടപ്പിലാക്കിയെന്നുമാണ് ഈ പുസ്തകത്തിലുള്ളത്.

'നീ ഇവരെയെല്ലാം കവച്ചുവെക്കും' എന്ന് യേശുദേവൻ യൂദാസിനോട് മറ്റ് ശിഷ്യന്മാരെ ചൂണ്ടിപറഞ്ഞത്രേ. എന്നെ ആവരണം ചെയ്തുനില്ക്കുന്ന മനുഷ്യനെ (ശരീരമെന്ന താല്ക്കാലിക രൂപത്തെ) ത്യജിക്കാൻ നീ കാരണമാവുമെന്നും യേശു യൂദാസിനോട് പറഞ്ഞത്രേ. മനുഷ്യശരീരത്തിൽ പൊതിഞ്ഞുവെച്ച ഒരു ആത്മീയരൂപമായിട്ടാണ് യേശുവിനെ 'യൂദാസിന്റെ സുവിശേഷ'ത്തിൽ വിവരിക്കുന്നത്. ഈ ഭൗതികപ്രകൃതിയിൽ നിന്നും യേശുവിനെ രക്ഷിക്കാൻ സഹായിച്ചത് യൂദാസ് മാത്രമാണത്രെ.

ആദ്യകാല ക്രിസ്തുമത തത്വങ്ങളിലെ വൈവിധ്യവും വൈപുല്യവുമാണ് ഈ സുവിശേഷം തെളിയിക്കുന്നത് എന്നാണ് ചിക്കാഗോയിലെ കാതലിക് തിയോളജിക്കൽ യൂണിയൻ പ്രസിഡന്റ് റവ. ഡൊണാൾഡ് സീനിയർ അഭിപ്രായപ്പെട്ടത്. ഈ സുവിശേഷം സാധാരണ സുവിശേഷ പരമ്പരയുടെ ഭാഗമായിതന്നെ അംഗീകരിക്കുമോ എന്നും അദ്ദേഹം ചോദിക്കുന്നു.

ഈ ഗ്രന്ഥം ആരാണ് എഴുതിയത് എന്ന് വ്യക്തമല്ല. റോമൻ ഗോൾ (Roman Gaul) എന്ന് പുരാതന നാമമുള്ള ലിയോ


*(ശേഷം പേജ് 2 ൽ)*

# സുദർശന്റെ ആഹ്വാനത്തോട് എം.ജെ. അക്ബറിന്റെ പ്രതികരണം

ആർ.എസ്.എസ്. നേതാവ് കെ.എസ്. സുദർശൻ ഈയ്യിടെ നടത്തിയ പ്രസ്താവനയോട് പ്രമുഖ പത്രപ്രവർത്തകൻ എം.ജെ. അക്ബർ പുതിയ നിലപാടുകളോടെ പ്രതികരിച്ചിരിക്കുന്നു. ഇന്റർനെറ്റിലെ അക്ബറിന്റെ സൈറ്റിൽ ഇദ്ദേഹത്തിന്റെ പുതിയ നിലപാടുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ശ്രീകൃഷ്ണൻ, ശ്രീരാമൻ തുടങ്ങിയവരെ പ്രവാചകന്മാരായി കരുതാൻ മുസ്‌ലിംകൾ തയ്യാറായാൽ ഹിന്ദു-മുസ്‌ലിം ഏറ്റുമുട്ടലുകൾ ഇല്ലാതാകും എന്നതായിരുന്നു സുദർശന്റെ പ്രസ്താവനയുടെ കാതൽ. ഈ പ്രസ്താവനയോട് ഖുർആൻ വചനങ്ങളെ ആസ്പദമാക്കിയാണ് അക്ബർ പ്രതികരിക്കുന്നത്.

ഈ പ്രതികരണത്തിൽ പ്രവാചകന്മാരെ പറ്റി സൂറഃ അന്നഹൽ, സൂറഃ അൽമുഅ്മിൻ, സൂറഃ ഇബ്റാഹിം.. ഇവയൊക്കെ അക്ബർ ഉദ്ധരിക്കുന്നുണ്ട്. വിശിഷ്ടമായ പൈതൃകവും, മഹത്തായ സാംസ്കാരിക പാരമ്പര്യവുമുള്ള ഇന്ത്യയിലും ഇത്തരുണത്തിൽ മുഹമ്മദ്(സ)ന് മുമ്പ് പ്രവാചകന്മാരെ അയച്ചിരിക്കാമെന്ന് അക്ബർ സമ്മതിക്കുന്നു. ഗൗതമബുദ്ധനെ പരാമർശിക്കുന്നതാണ് സൂറഃ അൽഅമ്പിയാ അ്‌ലെ 85-ാം വചനമെന്നും, സൂറഃസാദിലെ 48-ാം വചനമെന്നും ലേഖനത്തിൽ തുടരുന്നു. വ്യത്യസ്ത ഭാഷകളിൽ പ്രവാചകന്മാർ അവതരിക്കുമെന്നുള്ള സൂറഃ ഇബ്രാഹിമിലെ ദൈവികവചനത്തെ പ്രത്യേകമായി പരാമർശിച്ചിട്ടുള്ള അക്ബർ, സംസ്കൃതം സംസാരിക്കുന്ന പ്രവാചകന്മാർക്കുള്ള സാധ്യതയും തള്ളിക്കളയുന്നില്ല. ഖുർആനിൽ പ്രത്യേക പരാമർശമില്ലായെങ്കിലും ശ്രീകൃഷ്ണന്റെ പ്രവാചകത്വം നിസ്സാരവല്ക്കരിക്കാവുന്ന ഒന്നല്ലായെന്ന് അക്ബർ വിശദീകരിക്കുന്നുമുണ്ട്.

എന്നാൽ മുഹമ്മദ് (സ) പ്രവാചകന്മാരുടെ മുദ്രയാണെന്നും അതിനുശേഷമുള്ള പ്രവാചകന്മാരെ അംഗീകരിക്കാൻ നിർവ്വാഹമില്ലായെന്നും എം.ജെ. അക്ബർ പ്രഖ്യാപിക്കുന്നുണ്ട്. മുസ്‌ലിംകൾ ഏതുവിധത്തിലാണോ ഇസാ നബി(അ)യെ അംഗീകരിക്കുന്നത് അതുപോലെ മുഹമ്മദിന് മുമ്പുള്ള പ്രവാചകന്മാരെ അംഗീകരിക്കാമെന്നാണ് ഇദ്ദേഹം പ്രഖ്യാപിക്കുന്നത്. ഇന്ത്യയിൽ സെക്യുലറിസത്തിന്റെ പ്രത്യേകതയും, പ്രസക്തിയും അക്ബർ ഊന്നിപ്പറയുന്നുമുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ മുഹമ്മദിനുശേഷമുള്ള പ്രവാചകന്മാരെ അംഗീകരിക്കാൻ സാദ്ധ്യമല്ല. മുഹമ്മദിന് മുമ്പുള്ളവരെ അംഗീകരിക്കാം. ഇങ്ങനെയൊരു വീക്ഷണത്തിലേക്കുവരാൻ എം.ജെ. അക്ബറിന് ആർ.എസ്.എസ് നേതാവിന്റെ ആഹ്വാനം വേണ്ടിവന്നു. എന്നാൽ വർഷങ്ങൾക്കു മുമ്പേതന്നെ ഖുർആന്റേയും ഹദീസിന്റേയുമൊക്കെ വെളിച്ചത്തിൽ ശ്രീകൃഷ്ണനേയും ശ്രീരാമനേയും ഗൗതമബുദ്ധനേയുമൊക്കെ പ്രവാചകന്മാരായി അംഗീകരിച്ച്, അവരെ ബഹുമാനിക്കാൻ പഠിപ്പിച്ച മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യെപ്പറ്റി എം.ജെ. അക്ബർ പരാമർശിക്കുന്നില്ല. ഇദ്ദേഹത്തെപ്പോലുള്ള പുരോഗമനാശയക്കാരായ മുസ്‌ലിം ബുദ്ധിജീവികൾ അഹ്മദിയ്യാ വീക്ഷണത്തിലേക്ക് വരുന്നത് സ്വാഗതാർഹം തന്നെ. എന്തായാലും സത്യം വെളിപ്പെടുക തന്നെ ചെയ്തു. ദൈവത്തിനും, ദൈവത്തിന്റെ ദൂതന്മാർക്കും നിത്യതയുണ്ട്. ഇത്തരം അവസരങ്ങളിലൂടെ തെളിയുന്നത് ആ സത്യത്തിന്റെ മുഖകാന്തിയാണ്.

## തർബിയത്ത് യോഗങ്ങൾ

**കണ്ണൂർ ടൗൺ:** 2006 ഏപ്രിൽ 2-ന് കണ്ണൂർ ടൗൺ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ തർബിയത്ത് യോഗം സംഘടിപ്പിച്ചു. ഖിലാഫത്തിന്റെ പ്രാധാന്യം എന്ന വിഷയത്തെ സംബന്ധിച്ച് മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് ക്ലാസ്സെടുത്തു. കണ്ണൂർ ടൗൺ ജമാഅത്ത് പ്രസിഡന്റ് ബി. അബ്ദുസ്സലാം സാഹിബ് മുൻ ഖാഇദ് പി. ഉമ്മർ സാഹിബ്, സജിൻ നിസാർ സാഹിബ് എന്നിവരും സംസാരിക്കുകയുണ്ടായി. ചടങ്ങിൽ ഖാഇദ് ടി. ഷാജിർ അഹ്മദ് സാഹിബ് അധ്യക്ഷത വഹിച്ചു.


**കോഴിക്കോട്:** അത്ഫാൽ നാസിറാത്ത് അംഗങ്ങൾക്കായുള്ള ഒരുമാസം നീണ്ടുനിൽക്കുന്ന തർബിയത്ത് കേമ്പ് ബൈത്തുൽ ഖുദ്ദൂസിൽ ആരംഭിച്ചു. വയനാട്, തിരൂർ, കോഴിക്കോട്, മാത്തോട്ടം മജ്‌ലിസുകളിലെ അത്ഫാൽ നാസിറാത്ത് അംഗങ്ങളാണ് ഈ കേമ്പിൽ പങ്കെടുത്തു വരുന്നത്. ഏപ്രിൽ 19-ന് ആരംഭിച്ച കേമ്പ് മെയ് 16 വരെയുണ്ടായിരിക്കും. കോഴിക്കോട് മേഖലാ അമീർ ജ: എ.പി. കുഞ്ഞാമു സാഹിബ് കേമ്പ് ഉദ്ഘാടനം ചെയ്തു.

## അറിയിപ്പ്

**കോഴിക്കോട്, മലപ്പുറം മേഖലാ അത്ഫാൽ ദ്വിദിന ഇജ്തിമാ മെയ് 20,21 തീയ്യതികളിൽ കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ വെച്ച് നടത്തുന്നതാണ്.**

## വഖ്ഫെനൗ ഇജ്തിമ

കോഴിക്കോട്: കണ്ണൂർ, കോഴിക്കോട് മേഖലാ വഖ്ഫെനൗ ദ്വിദിന ഇജ്തിമ കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ നടന്നു. വഖ്ഫെനൗ ഭാരത് ഇൻചാർജ് മൗലവി മുഹമ്മദ് ഇസ്മായീൽ താഹിർ സാഹിബ് പരിപാടി ഉദ്ഘാടനം ചെയ്തു. ഇജ്തിമയിൽ പങ്കെടുത്ത മുഴുവൻ കുട്ടികൾക്കും ഭാരത് ഇൻചാർജ് ഉപഹാരങ്ങൾ സമ്മാനിക്കുകയുണ്ടായി. വഖ്ഫെ നൗ കുട്ടികളുടെ ഇന്റർവ്യൂവും കുട്ടികൾക്കായി വിവിധ മത്സരപരിപാടികളും സംഘടിപ്പിച്ചു. കോഴിക്കോട് മേഖലാ അമീർ എ.പി. കുഞ്ഞാമു സാഹിബ്, മൗലവി മുഹമ്മദ്ഉമർ സാഹിബ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.



*'സെഹ്തിൽക് പള്ളി'- ജർമ്മനിയിലെ ഏറ്റവും വലിയ പള്ളിയാണിത്*

## അഹ്മദികൾക്ക് അനുമോദനം

ഗാംബിയായിൽ ഈയ്യിടെ സമാപിച്ച ജലസയോടനുബന്ധിച്ച് അവിടത്തെ പ്രധാനപ്പെട്ട പത്രങ്ങളിലൊന്നായ 'ദ പോയന്റ്' അതിന്റെ ഏപ്രിൽ 26-ന്റെ മുഖപ്രസംഗത്തിലൂടെ അഹ്മദിയ്യാ ജമാഅത്തിനെ മുക്തകണ്ഡം പ്രശംസിക്കുകയുണ്ടായി. ഗാംബിയായിൽ വൈസ്പ്രസിഡന്റ് ഇസാതോ നിജി സെയ്ദിയെ ഉദ്ധരിച്ചുകൊണ്ട് ഈ പത്രം അഹ്മദികൾ ആ നാട്ടിൽ ചെയ്യുന്ന വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ സേവനങ്ങളെ പ്രകീർത്തിച്ചു. അഹ്മദികൾ ചെയ്യുന്നതുപോലുള്ള കാര്യങ്ങൾ ഇതര മതസംഘടനകളും ചെയ്യുകയാണെങ്കിൽ നാടിന്റെ അഭിവൃദ്ധിക്ക് അതൊരു വലിയ കാര്യമായിരിക്കുമെന്ന് പത്രം അഭിപ്രായപ്പെടുന്നു. എന്നാൽ അഹ്മദികളും, റോമൻ കത്തോലിക്കരും മാത്രമേ ഈ രംഗത്ത് എന്തെങ്കിലും ചെയ്യുന്നുള്ളൂ. മതപരമായി ജനങ്ങളെ പുരോഗതിയിലേക്ക് നയിക്കുന്നതോടൊപ്പം ഭൗതികസാഹചര്യങ്ങൾകൂടി സൃഷ്ടിക്കപ്പെടുമ്പോൾ, മതവിശ്വാസത്തിന്റെ ചക്രവാളം വികസിക്കുകയാണെന്ന് മുഖപത്രത്തിൽ പറയുന്നു.

## രക്ഷാകർത്തൃദിന യോഗം

കോഴിക്കോട് ഏപ്രിൽ 16: കോഴിക്കോട് മാത്തോട്ടം എന്നീ മജ്‌ലിസുകളുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 16-ന് ബൈത്തുൽ ഖുദ്ദൂസിൽ രക്ഷാകർതൃദിനയോഗം ചേരുകയുണ്ടായി. മേഖലാ അമീർ ജ:എ.പി. കുഞ്ഞാമു സാഹിബ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ജ: ഈസക്കോയ സാഹിബ്, മൗലവി മുഹമ്മദ് ഉമർ സാഹിബ്, ഡോ. സലാഹുദ്ദീൻ സാഹിബ്, മൗലവി സഫർ അഹ്മദ് സാഹിബ്, എം.കെ. അഷ്റഫ് സാഹിബ്, ബി.എം. ശൗക്കത്തലി സാഹിബ്, സലീം സാഹിബ് എന്നിവർ സംസാരിച്ചു.

## ചർച്ചാ ക്ലാസ്

കണ്ണൂർ ടൗൺ: ഏപ്രിൽ 16. കണ്ണൂർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ 'വോട്ടവകാശം- പ്രയോഗവും പ്രയോജനവും' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ചർച്ചാക്ലാസ് സംഘടിപ്പിച്ചു. തിരഞ്ഞെടുപ്പ്, വോട്ടവകാശം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി ഖാദിമീങ്ങൾ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഖാഇദ് ഷാജിർ അഹ്മദ് മോഡറേറ്ററായിരുന്നു. ഡോ. ആഷിഫ്, സജിൻ, നിഷാൻ, ഫഹീൻ തുടങ്ങിയവർ സംസാരിച്ചു.

## തബ്‌ലീഗ് വാർത്തകൾ

### നോട്ടീസ് വിതരണം നടത്തി

കണ്ണൂർ: നബിദിനത്തോടനുബന്ധിച്ച് കണ്ണൂർ സിറ്റി ഖുദ്ദാമുൽ അഹ്മദിയ്യാ നബി തിരുമേനിയുടെ ജീവിതമാഹാത്മ്യങ്ങൾ വിവരിച്ചുകൊണ്ട് 'കാരുണ്യവാനായ പ്രവാചകൻ'എന്ന പേരിൽ ഒരു നോട്ടീസ് തയ്യാറാക്കുകയും അത് കണ്ണൂരിന്റെ വിവിധ പ്രദേശങ്ങളിൽ വിതരണം ചെയ്യുകയും ചെയ്തു.

### എക്സിബിഷനിൽ അഹ്മദിയ്യാ ബുക്ക് സ്റ്റാൾ

വടകര: വടകര ടൗണിൽ നടത്തിയ എക്സിബിഷനിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ബുക്ക്സ്റ്റാൾ സംഘടിപ്പിക്കപ്പെട്ടു. വളരെ കുറഞ്ഞ അംഗങ്ങൾ മാത്രമുള്ള വടകര മജ്‌ലിസിന്റെ നിശ്ചയദാർഢ്യമാണ് ഇത്തരത്തിൽ വിപുലമായ ബുക്ക്സ്റ്റാൾ സംഘടിപ്പിക്കാൻ സഹായിച്ചത്. ഈ ബുക്ക്സ്റ്റാൾ നിരവധിയാളുകളെ ആകർഷിക്കുകയും നിരവധിപേർക്ക് തബ്‌ലീഗാവുകയും ചെയ്തു. കോഴിക്കോട് നിന്നുള്ള ഖാദിമീങ്ങളുടെ സഹകരണവും ഇതിനുണ്ടായി.

### നബികീർത്തന സമ്മേളനം

മാർച്ച്: കണ്ണൂർ സിറ്റി അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ സ്റ്റേഡിയം കോർണറിൽ പൊതുയോഗം നടത്തുകയുണ്ടായി. കാർട്ടൂൺ വിവാദത്തിന്റെ പാശ്ചാത്തലത്തിൽ നബിതിരുമേനിയുടെ മഹത്വം ജനങ്ങളുടെയിടയിൽ വിശദീകരിക്കാനായിരുന്നു യോഗം സംഘടിപ്പിക്കപ്പെട്ടത്. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ്, എം. നാസിർ അഹ്മദ് സാഹിബ് എന്നിവരുടെ പ്രഭാഷണങ്ങൾ ശ്രവിക്കാൻ വൻജനക്കൂട്ടം അവിടെയെത്തിച്ചേർന്നിരുന്നു. പ്രൊഫ. എം. മുഹമ്മദ് സാഹിബ് അധ്യക്ഷം വഹിച്ചു.

### ഖുത്വ്ബ വിതരണം

കോഴിക്കോട്: കാർട്ടൂൺ വിവാദവുമായി ബന്ധപ്പെട്ട് അഞ്ചാം ഖലീഫ ഹസ്റത്ത് മസ്റൂർ അഹ്മദ്(അയ്യദഹു) ചെയ്ത ജുമുഅ ഖുത്വ്ബ പൊതുജനങ്ങൾക്കിടയിൽ വിതരണം ചെയ്തു.

### മജ്‌ലിസുകളുടെ ശ്രദ്ധയ്ക്ക്

**നോർത്ത് ഇലാഖാ ഖുദ്ദാമുൽ അഹ്മദിയ്യാ വോളിബോൾ, ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്ന മജ്‌ലിസുകൾ മെയ് 28-ന് മുമ്പായി വിവരം ഇലാഖാ ഖായിദിനേയോ, സ്പോർട്സ് സെക്രട്ടറിയേയോ അറിയിക്കേണ്ടതാണ്.**

# യേശുവിനെക്കുറിച്ച് പുതിയ വെളിപ്പെടുത്തൽ

*(1-ാം പേജിൽ നിന്ന്)*

ണിലെ ബിഷപ്പ് ആയിരുന്ന ഐറിനിയസ് 'കേട്ടുകേൾവികൾക്കെതിരെ' (Against Heresies) എന്ന പേരിൽ എ.ഡി. 180-ൽ എഴുതിയ ഒരു നിരൂപണഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ള ഗ്രന്ഥത്തിന്റെ പകർപ്പാണ് പുതിയ വിവാദങ്ങൾക്ക് തിരികൊളുത്തുന്ന യൂദാസിന്റെ സുവിശേഷം." ക്രിസ്തുമത വിശ്വാസത്തിന്റെ മുഖ്യധാരക്കെതിരെ ഉയർന്നുവന്ന വീക്ഷണങ്ങളെ ഈ ഗ്രന്ഥം നിശിതമായി വിമർശിക്കുന്നുണ്ട്.

നോർത്ത് കരോലിനാ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ബാർട് എഹ്ർമാന്റെ അഭിപ്രായപ്പെട്ടത് യഥാർത്ഥ ക്രിസ്തുമത ചരിത്രമനുസരിച്ച് യൂദാസ് ചതിയനല്ലെന്നും യേശുവിനെ ഏറ്റവുമേറെ മനസ്സിലാക്കിയ ശിഷ്യനായിരുന്നുവെന്നുമാണ്.

മത്തായി സുവിശേഷപ്രകാരം റോമൻ പട്ടാളക്കാർക്ക് 30 വെള്ളിക്കാശിന് യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസിന് പിന്നീട് തന്റെ ചതിയിൽ കുറ്റബോധവും പശ്ചാത്താപവുമുണ്ടാവുകയും 30 വെള്ളിക്കാശുകൾ തിരിച്ചു കൊടുക്കുകയും സ്വയം തൂങ്ങിമരിക്കുകയും ചെയ്തുവെന്നാണ് പറയുന്നത്. വേറെയും സുവിശേഷങ്ങളിൽ ഈ കഥകളിൽ വ്യത്യസ്തതകളുണ്ടായിട്ടുണ്ട്.

ഈ ഗ്രന്ഥം കിട്ടിയ ഈജിപ്തിലെ കച്ചവടക്കാരൻ ഇത് വില്ക്കാൻ ശ്രമിച്ച് പരാജയപ്പെട്ടപ്പോൾ 16 വർഷം ന്യൂയോർക്ക് ഹിക്ക്സ് വില്ലേയിലെ ഒരു ബാങ്ക് ലോക്കറിൽ സൂക്ഷിക്കുകയായിരുന്നു. അത് കാരണം അത് ദ്രവിച്ചു തുടങ്ങി. പിന്നീടാണ് പുരാവസ്തു ഗവേഷകരുടെ കയ്യിലെത്തുന്നതും അതിലെ അത്ഭുതകരമായ പ്രതിപാദനം പുറത്തുവരുന്നതും.

യേശുദേവന്റെ നാളിതുവരെ അംഗീകരിക്കപ്പെട്ട മനുഷ്യജീവിതത്തിന്റെ അസ്തിത്വം തന്നെ ഈ ഗ്രന്ഥം തകർക്കുകയാണ്. യൂദാസ് ലോകത്തിലെ എല്ലാ ഭാഷകളിലും കൊടും ചതിയുടെ പര്യായമായത് യേശുദേവനെ ആ ശിഷ്യൻ ഒറ്റിക്കൊടുത്തതു കൊണ്ടായിരുന്നു. ആ സ്ഥിരപ്രതിഷ്ഠിതമായ വിശ്വാസമാണ് വെല്ലുവിളി നേരിടുന്നത്. ഏറ്റവും സുശക്തമായ ക്രിസ്തുമത തത്വങ്ങളിലൊന്ന് തിരുത്തപ്പെടുമ്പോൾ അതിന്റെ മറ്റ് തത്വങ്ങളുടെ അടിത്തറയും സംശയത്തിന്റെ മുൾമുനയിലാവുകയാണ്. യഥാർത്ഥത്തിൽ യേശു ആരായിരുന്നു? യേശുവും യൂദാസും കൂടി ഇങ്ങനെയൊരു രഹസ്യമായ നാടകം എന്തിന് പ്രാവർത്തികമാക്കി? യേശു എന്തുകൊണ്ട് മറ്റു ശിഷ്യരെ വിശ്വാസത്തിലെടുത്തില്ല? ചുരുക്കത്തിൽ യേശുവിന്റെ കുരിശുമരണം സത്യമായിരുന്നോ? ഉയിർത്തെഴുന്നേൽപിന് സത്യത്തിന്റെ പിൻബലമുണ്ടോ? കുരിശേലേറ്റലും പീഢനവും കൊണ്ട് യേശുക്രിസ്തു മരിച്ചില്ലെന്ന അഹ്മദിയ്യാ വിശ്വാസം മുഴുലോകത്തിനും അംഗീകരിക്കാവുന്ന ചരിത്രസത്യത്തോട് അടുക്കുന്നതായി ഈ വെളിപ്പെടുത്തൽ വ്യക്തമാക്കുന്നു. ■

# അമേരിക്കൻ സംശയദൃഷ്ടി ലോകസമാധാനത്തിന് ഭീഷണി

*ഡോ. ഇഫ്തിഖാർ അഹ്മദ് അയാസ് OBE*



ഡോ. ഇഫ്തിഖാർ അഹ്മദ് അയാസ് സാഹിബിന് കണ്ണൂർ സിറ്റി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നൽകിയ സ്വീകരണത്തിൽ അദ്ദേഹത്തിനുള്ള ഉപഹാരം ഖാഇദ് ശഫീഅഹ്മദ് സാഹിബ് നൽകുന്നു.

കണ്ണൂർ: അമേരിക്ക എല്ലാവരേയും സംശയ ദൃഷ്ടിയോടെ നോക്കിക്കാണുന്നതാണ് അവരെ മറ്റു രാഷ്ട്രങ്ങളുടെമേൽ സൈനികമായി കടന്നുകയറാൻ പ്രേരിപ്പിക്കുന്നതെന്ന് വേൾഡ് നേഷൻസ് കോൺഗ്രസ് സെനറ്ററും യു.കെ. അഹ്മദിയ്യാ ജമാഅത്തിന്റെ മുൻ അമീറുമായ ഡോ. ഇഫ്തിഖാർ അഹ്മദ് അയാസ് സാഹിബ് പറഞ്ഞു. കണ്ണൂർ സിറ്റി ഖുദ്ദാമുൽ അഹ്മദിയ്യാ നൽകിയ സ്വീകരണത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇറാനുമായി ബന്ധപ്പെട്ട ആണവപ്രശ്നം പരസ്പരവിശ്വാസത്തിന്റേയും നീതിയുടേയും അടിസ്ഥാനത്തിൽ കൈകാര്യം ചെയ്താൽ മാത്രമേ പരിഹരിക്കപ്പെടുകയുള്ളൂ. ലോകത്ത് ആണവപരീക്ഷണങ്ങൾ നടത്താത്ത രാജ്യങ്ങളിന്നില്ല. ന്യൂക്ലിയർ ആയുധങ്ങൾ കൈവശം വെച്ചിരിക്കുന്ന ഒരു രാജ്യത്തിന് അതുണ്ടാക്കാൻ ശ്രമിക്കുന്ന മറ്റു രാജ്യങ്ങളെ എതിർക്കാൻ ധാർമ്മികമായി യാതൊരു അവകാശവുമില്ലായെന്ന് അയാസ് സാഹിബ് പറഞ്ഞു. അമേരിക്കയുടേയും സഖ്യശക്തികളുടേയും സംശയദൃഷ്ടിയോടെയുള്ള ഈ സമീപനം മാറിയെങ്കിൽ മാത്രമേ ലോകസമാധാനം സാധ്യമാകൂ. മറിച്ചാണെങ്കിൽ ഈ പ്രശ്നം തെക്കുകിഴക്കൻ ഏഷ്യയെ മുഴുവൻ ബാധിക്കുന്ന ഒന്നായി വളരുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ലോകസമാധാനകാര്യത്തിൽ മതവിശ്വാസങ്ങൾക്ക് ഇന്ന് പ്രധാന പങ്കാണുള്ളത്. ഒരു മതവും മറ്റു മതങ്ങളെ നിന്ദിക്കാനോ തെറ്റായ രീതിയിൽ എതിർക്കാനോ പാടില്ല. എന്നാൽ അത്തരത്തിലുള്ള പ്രവണതകൾ കാണിക്കുന്ന ചിലരെങ്കിലും എല്ലാ മതങ്ങളിലുമുണ്ട്. അതിന്റെ ഒരു ഉദാഹരണമാണ് പ്രവാചകനെ നിന്ദിച്ചുകൊണ്ടുള്ള കാർട്ടൂൺ. ആയതിനാൽ ഇത്തരത്തിലുള്ളവരെ ലോകം എതിർക്കേണ്ടതുണ്ട്. കുറ്റവാളികൾ കുറ്റവാളികളെന്നപോലെ ഭീകരവാദികൾ ഭീകരവാദികൾ മാത്രമാണെന്നും അതിൽ മതങ്ങൾക്ക് പങ്കൊന്നുമില്ലെന്നും അദ്ദേഹം പറഞ്ഞു. ഇസ്ലാം ഒരിക്കലും തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നില്ല. ജിഹാദ് എന്നത് ആളെ കൊന്നൊടുക്കലല്ല മറിച്ച്, ആത്മസംസ്കരണത്തിനുള്ള പരിശ്രമമാണ്. അത് തൂലിക കൊണ്ടാണ് നിർവ്വഹിക്കേണ്ടതെന്ന് മസീഹ് മൗഊദ്(അ) ലോകത്തിന് പഠിപ്പിച്ചുകൊടുത്തിട്ടുണ്ടെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ചടങ്ങിൽവെച്ച് ഖുദ്ദാമുൽ അഹ്മദിയ്യാവക ഉപഹാരം ഖാഇദ് ശഫീ അഹ്മദ് സാഹിബ് അദ്ദേഹത്തിന് കൈമാറി.

## ശഹീദാക്കി

കറാച്ചി: മാർച്ച് 19, 2006. ശൈഖ് റഫീഖ് അഹ്മദ് എന്ന 45 കാരനായ ഒരു അഹ്മദിയെ ആയുധധാരികളായ ആക്രമികൾ വെടിവെച്ചുകൊല്ലുകയുണ്ടായി. മൻസൂർകോളനിയിലെ സ്വന്തം സ്റ്റോറിനുള്ളിലാണ് ഈ കൃത്യം നടന്നത്. ശൈഖ് റഫീഖ് അഹ്മദ് മാർച്ച് 19-ന് രാവിലെ 11 മണിക്ക് തന്റെ കടയിലെത്തി രണ്ടുമണിക്കൂർ കഴിഞ്ഞപ്പോൾ ഹെൽമെറ്റ് ധരിച്ചുകൊണ്ടുള്ള ആയുധധാരികൾ മോട്ടോർ ബൈക്കിൽ എത്തിച്ചേരുകയായിരുന്നു. അവർ അദ്ദേഹത്തെ മൂന്നു തവണ വെടിവെച്ചു- തലയിലും കഴുത്തിലും അടിവയറ്റിലും സാരമായ ക്ഷതമേറ്റ അദ്ദേഹത്തെ ജിന്നആശുപത്രിയിലെത്തിച്ചെങ്കിലും വൈകീട്ട് 4 മണിയോടെ അന്ത്യശ്വാസം വലിക്കുകയാണുണ്ടായത്. സാമ്പത്തിക ഇടപാടുകളിലും മറ്റും കൃത്യത പുലർത്തിയിരുന്ന ഇദ്ദേഹത്തിന് ആരുമായും വിദ്വേഷം ഉണ്ടായിരുന്നില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ ധൈര്യം പുലർത്തിയിരുന്നു ശൈഖ് റഫീഖ് സാഹിബ്. റഹ്ന റഫീഖ് ഇദ്ദേഹത്തിന്റെ ഭാര്യയാണ്. അസീസ് അഹ്മദ് ഏകമകനും, മഹിദ, റിദ, മവസ്സ എന്നിവർ പെൺമക്കളുമാണ്.

## സർവ്വമതസംവാദം

ന്യൂജഴ്സി: ന്യൂജഴ്സിയിലെ ബൈത്തുൽ ഹാദി പള്ളിയിൽ വിവിധ മതാനുയായികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു സംവാദം നടത്തുകയുണ്ടായി. നബി (സ) തിരുമേനിയെ അവഹേളിച്ചുകൊണ്ട് പ്രസിദ്ധീകരിച്ച കാർട്ടൂണിനെതിരെയുള്ള ഒരു പ്രതികരണമെന്നോണമാണ് ഈ സംവാദം നടത്തപ്പെട്ടത്. ഇതിന്റെ സംഘാടകനായ ബിലാൽ ഖാലിദ്, ന്യൂജഴ്സി അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പ്രസിഡന്റ് ഇംതിയാസ് ചൗധരി സാഹിബ് എന്നിവർ സംസാരിച്ചു. കൂടാതെ സെന്റ് ജോർജ് ചർച്ച് പാസ്റ്റർ ബിൽ ജെറാർഡ്, ഓൾഡ് ബ്രിഡ്ജ് വനിത കൗൺസിൽ അംഗം ലൂസില്ല പനോസ്, ഓൾഡ് ബ്രിഡ്ജ് കൗൺസിൽ പ്രസിഡന്റ് പാട്രിക്ക് ഗില്ലസ്പി തുടങ്ങിയ പ്രമുഖരും പങ്കെടുത്തു. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ മറവിൽ ഉയർന്നുവരുന്ന അവഹേളനങ്ങൾക്കെതിരിൽ ഒത്തുചേർന്നുനിൽക്കേണ്ടതിന്റെ പ്രാധാന്യം ഈ ചർച്ചയിൽ ഉയർന്നുവന്നു.

## റബ്വയിൽ വ്യവസായ പ്രദർശനം

റബ്വ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ മാർച്ച് 11 മുതൽ 13 വരെ വ്യവസായ പ്രദർശനം നടന്നു. ഇതിൽ വ്യത്യസ്ത സ്റ്റാളുകൾ സംഘടിപ്പിച്ചിരുന്നു. നാന്നൂറിൽപരം ഖാദിമീങ്ങളും അത്ഫാലുകളും ഇതിൽ പങ്കെടുത്തു. നാസിർ സാഹിബ് ഉമൂറെ ആമ മുഖ്യാതിഥിയായിരുന്നു.

## ആക്രമിച്ചു

റഹിംയാർഖാൻ(കറാച്ചി) : മാർച്ച് 16, 2006. ശൈഖ് അബ്ദുൽ ഖുദ്ദൂസ് എന്ന അഹ്മദിയെ രണ്ട് ആക്രമികൾ ആക്രമിച്ച് പരിക്കേൽപിച്ചു. സ്വന്തം ഇലക്ട്രിക് കടയിൽ രാത്രി 7.30-ന് അതിക്രമിച്ച് കയറിയ അക്രമികൾ അദ്ദേഹത്തിന്റെ പിന്നിൽ വെടിവെക്കുകയായിരുന്നു. വയറിനും ശ്വാസകോശത്തിനും കരളിനും ക്ഷതമേറ്റ അദ്ദേഹം ആശുപത്രിയിൽ സുഖം പ്രാപിച്ചുവരുന്നു. ഫാനുകൾ വാങ്ങാനെന്ന വ്യാജേന മോട്ടോർ സൈക്കിളിൽ വന്ന ആക്രമികൾ കടയുടെ ഉൾവശത്ത് ചെല്ലുകയും വെടിയുതിർക്കുകയുമായിരുന്നു. അക്രമികൾ ഉടൻതന്നെ രക്ഷപ്പെടുകയുണ്ടായി. റിസർച്ച്സ്കോളറായ ശൈഖ് അബ്ദുൽ ഖാദിമിന്റെ സഹോദരനാണ് ഇദ്ദേഹം. ഭാര്യ ലജ്ന ഇമായില്ലാ പ്രാദേശിക പ്രസിഡന്റാണ്.

## ത്രിദിന യുവസംഗമം

നൈജീരിയ: അഹ്മദിയ്യാ മുസ്ലിം യുവജന സംഘടനയുടെ ത്രിദിന സംഗമം ഏപ്രിൽ 14 മുതൽ 17 വരെ നടത്തുകയുണ്ടായി. സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക വിഷയങ്ങളെ സംബന്ധിച്ച പ്രഭാഷണങ്ങളും വിവിധ വൈജ്ഞാനിക, കായിക മത്സരങ്ങളും ഇതിന്റെ ഭാഗമായി നടത്തുകയുണ്ടായി. നൈജീരിയ അമീർ ഡോ. മശ്ഹൂദ് സംബന്ധിച്ചു. പതിനായിരത്തോളം പ്രതിനിധികൾ പങ്കെടുത്തു.

## അൽവസിയ്യത്ത് ശില്പശാല

സ്വിറ്റ്സർലാന്റ്: സ്വിറ്റ്സർലാന്റ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യയുടെ ആഭിമുഖ്യത്തിൽ അൽവസിയ്യത്ത് ശില്പശാല സംഘടിപ്പിച്ചു. ഖാഇദ്, മിഷനറി ഇൻചാർജ് തുടങ്ങിയവർ വാഗ്ദത്ത് മസീഹിന്റെ ലിഖിതങ്ങൾ വായിച്ചുകേൾപ്പിച്ചു. വസിയ്യത്ത് ധാർമ്മികവും ആദ്ധ്യാത്മികവുമായ പുരോഗതിയിലേക്ക് നയിക്കുമെന്ന് അവർ പറഞ്ഞു.

# ധനത്യാഗം പ്രധാനം...

*(1-ാം പേജിൽ നിന്ന്)*

ങ്ങൾക്ക് ഒരുപാടിരട്ടി പ്രതിഫലം നല്കുന്നവനാണ്. നിങ്ങൾക്ക് തിരിച്ചുതരുന്നവനാണ്. ഈ കച്ചവടം നിങ്ങളുടെ ഗുണത്തിനു വേണ്ടിയിട്ടുള്ളതാണ്. അവൻ പറയുന്നു: ***മൻദല്ലദീ യുഖ്രിളുല്ലാഹ ഖർളൻ ഹസനൻ ഫയുളാഇഫഹു ലഹൂ അള്ആഫൻ കസീറൻ*** അല്ലാഹുവിന് നല്ല കടം നല്കുന്നവനാരുണ്ട്? അങ്ങനെ നല്കുന്നതായാൽ അവൻ അതിനെ അനേകമിരട്ടിയായി വർദ്ധിപ്പിച്ചുകൊടുക്കും. *(2:246)*

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു കടം ചോദിക്കുന്നതുകൊണ്ട്, അവന് കടം ആവശ്യമുണ്ടെന്നല്ല അതിന്നർത്ഥം. അവൻ ആരുടെയെങ്കിലും ആശ്രിതനാണെന്നുമല്ല. അങ്ങനെ പറയുന്നതുപോലും സത്യനിഷേധമാണ്. അതിന്റെ ഉദ്ദേശ്യം പ്രതിഫലത്തോടൊപ്പം തിരിച്ചുതരുന്നതാണ്. അല്ലാഹുവിൽനിന്ന് അനുഗ്രഹം നേടാൻ ആഗ്രഹിക്കുന്നവനുള്ള ഒരു രീതിയാണിത്."

ഇന്ന് ഇസ്ലാമിനെതിരിൽ എല്ലാ ഭാഗത്തുനിന്നും ആക്രമണം നടന്നുകൊണ്ടിരിക്കുകയാണ്. അല്ലാഹുത ആല ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് മാർഗ്ഗദർശനം നല്കിക്കൊണ്ട് തെളിവുകൾ മുഖേന മറുപടി പറയാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനെ ഇന്ന് ഏഴുന്നേല്പിച്ചു നിർത്തിയിരിക്കുന്നു. ഇതിന്റെ തയ്യാറെടുപ്പിന് ധനത്യാഗത്തിന്റെ ആവശ്യമുണ്ട്. നമ്മുടെ ഉത്തരവാദിത്തം മനസ്സിലാക്കിക്കൊണ്ട് നാം ധനത്യാഗത്തിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്. നാം ധനത്യാഗത്തിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ അല്ലാഹു പറഞ്ഞതുപോലെ നമ്മളെ തന്നെത്താൻ നാശത്തിൽ അകപ്പെടുത്തുന്നവരായിത്തീരും. ദീനീസേവനത്തിൽനിന്ന് നമ്മളെ തന്നെത്താൻ ഒഴിച്ചുനിർത്തുന്നവരായിത്തീരും. ദീനീ സേവനത്തിൽനിന്ന് സ്വയം ഒഴിഞ്ഞുനില്ക്കുക എന്നതിന്റെ അർത്ഥം നാശത്തിലകപ്പെടുക എന്നാണ്.

ചില കാര്യങ്ങളിൽ മടികാണിക്കുന്ന ആളുകൾ ആത്മപരിശോധന നടത്തുക. പുതിയതായി വരുന്നവരെ ഇത് പറഞ്ഞ് ബോദ്ധ്യപ്പെടുത്താൻ ജമാഅത്തിന്റെ ഭാരവാഹികളും ഉത്തരവാദികളാണ്. ദീനിനെ സഹായിക്കുന്നതിന് ആകാശത്തിൽ ആവേശം അലതല്ലുമ്പോൾ നമ്മുടെ ഉത്തരവാദിത്തം നിർവഹിക്കുന്നതിലേക്കും കൂടുതൽ ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഈ ഉത്തരവാദിത്തങ്ങൾ നമുക്ക് നിർവ്വഹിക്കേണ്ടതായിവരും. സൽകർമ്മങ്ങൾ അനുഷ്ഠിക്കുക എന്ന കല്പനയനുസരിച്ച് ഏറ്റവും ഉത്തമമായ നിലയിൽ അത് ചെയ്യുമ്പോഴാണ് നമ്മൾക്ക് രക്ഷപ്പെടാൻ സാധിക്കുന്നത്. ഇതിന്റെ ഫലമായി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരും. നബി(സ)യുടെ സ്വഹാബിമാർ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി പണം ചെലവഴിക്കേണ്ട രീതിയെക്കുറിച്ചും, എന്തു ധനമാണ് ചെലവഴിക്കേണ്ടത് എന്നതിനെക്കുറിച്ചും അവിടത്തോട് ചോദിക്കാറുണ്ടായിരുന്നു. നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. ഒരാൾ നബി (സ) തിരുമേനിയുടെയടുക്കൽ വന്നു. അല്ലാഹുവിന്റെ റസൂലേ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിച്ച ഏത് ധനത്തിനാണ് കൂടുതൽ പ്രതിഫലം കിട്ടുക എന്ന് അയാൾ ചോദിച്ചു. അവിടന്ന് പറഞ്ഞു. നീ ആരോഗ്യവാനായിരിക്കുകയും പണത്തിന് ആവശ്യക്കാരനായിരിക്കുകയും അതിനുവേണ്ടി അത്യാശ ഉണ്ടാകുകയും ദാരിദ്ര്യത്തെ ഭയപ്പെടുകയും ഐശ്വര്യാവസ്ഥ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ താമസം വരുത്താതെ ദാനധർമ്മങ്ങൾ ചെയ്യുന്നതിനാണ് കൂടുതൽ പ്രതിഫലം. ജീവൻ തൊണ്ടക്കുഴിയിൽ വന്നെത്തുമ്പോൾ, ഇന്നയാൾക്ക് ഇത്ര കൊടുക്കുക, ഇന്നയാൾക്ക് ഇത്ര കൊടുക്കുക എന്ന് പറയേണ്ടുന്ന ഒരവസ്ഥ നിനക്കുണ്ടാവരുത്. വാസ്തവത്തിൽ അപ്പോൾ ആ പണം നിന്റേതല്ല. അത് മറ്റാരുടേതെങ്കിലും ആയിട്ടുണ്ടാകും."

മനുഷ്യന്റെ ആരോഗ്യം നല്ല അവസ്ഥയിലായിരിക്കുമ്പോൾ, പ്രത്യേകിച്ച് യുവത്വകാലത്ത് ചെലവഴിക്കുക. ഈ അവസ്ഥയിൽ ഒരുപാട് അനാവശ്യകാര്യങ്ങളിൽ മനുഷ്യൻ അകപ്പെട്ടുപോകാറുണ്ട്. ദൈവമാർഗ്ഗത്തിൽ ചെലവഴിക്കുമ്പോൾ അതിൽനിന്ന് രക്ഷപ്പെടുന്നു.

ധനത്തോടുള്ള ആഗ്രഹം ഓരോ മനുഷ്യനിലുമുണ്ട്. ഇക്കാലത്ത് ഭൗതികത തിമിർത്തുനില്ക്കുകയാണ്. ഇന്ന് ഈ ആഗ്രഹം വളരെയധികമാണ്. ഈ അവസ്ഥയിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുമ്പോൾ തീർച്ചയായും ഇത് വളരെ വലിയ ത്യാഗമാണ്. ജമാഅത്തിൽ ഒരുപാടാളുകൾ ധനം ആഗ്രഹിക്കുന്നവരായിട്ടും ത്യാഗങ്ങൾ ചെയ്യുന്നുവെന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്.

ദാരിദ്ര്യം ഭയപ്പെടുന്ന അവസ്ഥയിൽ ചെലവഴിക്കലാണ് മറ്റൊന്ന്. ജമാഅത്തിൽ ഇതിന് ഒരുപാട് ഉദാഹരണങ്ങൾ ലഭിക്കുന്നുവെന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. ഒരു കാര്യവും നോക്കാതെ അവർ ത്യാഗങ്ങൾ ചെയ്യുന്നു.

*(31.3.2006 ലെ ജുമുഅ ഖുതുബയിൽ നിന്ന്)* ■

# അൽഹഖ്
AHMADIYYA NEWS BULLETTIN

ഏപ്രിൽ 2006 റബീൽഅവ്വൽ


## ഈ സൂര്യപ്രകാശം തടയാനാവില്ല

'സൂര്യൻ മറയ്ക്കപ്പെടുമ്പോൾ' എന്ന് വിശുദ്ധ ഖുർആനിൽ ഈ കാലഘട്ടത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. സൂര്യനെയോ സൂര്യപ്രകാശത്തെയോ ഇല്ലാതാക്കാൻ ആർക്കും സാധ്യമല്ലായെന്നത് അവിതർക്കിതമാണ്. ആകാശം കാർമേഘാവൃതമാകുമ്പോൾ അല്പസമയത്തേക്ക് അതിന്റെ പ്രകാശത്തിന് മങ്ങലേൽക്കാറുണ്ട്. പക്ഷേ, അപ്പോഴും ഭൂമിയിൽ പ്രകാശം ഉണ്ടായിരിക്കും. അതുകൊണ്ടുതന്നെ മേൽസൂചിപ്പിച്ച ഖുർആൻ വാക്യം നബിതിരുമേനിയെ കുറിച്ചാണെന്ന് വ്യക്തമാകുന്നു. ദൈവതേജസ്സ് ഭൂമിയിലേക്ക് പ്രതിഫലിപ്പിക്കുന്ന സൂര്യനാണ് നബി(സ)തിരുമേനി. ആ പ്രകാശകിരണങ്ങൾ ജനമനസ്സുകളെ കീഴടക്കുമ്പോൾ അതിന് തടയിടാൻ ഇവിടെ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ജൂതക്രിസ്തീയ ലോബികൾ അത്തരത്തിലുള്ള ശ്രമങ്ങളുമായി മുന്നേറുമ്പോൾ അതിനെ സഹായിക്കുന്ന നയം ഭൂരിപക്ഷ മുസ്ലിംകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നു. നബി(സ) തിരുമേനിയുടെ തിളക്കമാർന്ന ജീവചരിത്രം മനുഷ്യമനസ്സുകളെ മാറ്റിമറിക്കാൻ പോന്നതാണ്. അതുകൊണ്ടുതന്നെയാണ് നബി(സ)യെക്കുറിച്ച് തെറ്റായ ചിത്രീകരണം നൽകാൻ പാശ്ചാത്യർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ പരിശ്രമം ഇന്നും ഇന്നലേയും തുടങ്ങിയതല്ല. നബി(സ) തിരുമേനിയുടെ കാലഘട്ടം മുതലേ അത്തരം ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് നബി(സ)യെ തെറ്റായി ചിത്രീകരിച്ചുകൊണ്ടുള്ള കാർട്ടൂൺ. മുസ്ലീഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിൽ 'റങ്കീലാറസൂൽ' എന്ന പേരിലൊരു ക്ഷുദ്ര കൃതി ഇന്ത്യയിലിറക്കിയിരുന്നു. അന്നത് മുസ്ലിം ലോകത്ത് വമ്പിച്ച കോലാഹലമുണ്ടാക്കി. നേതൃത്വമില്ലാത്ത ഭൂരിപക്ഷ മുസ്ലിംകൾ ഇതിന്നെതിരെ ഇസ്ലാമികമല്ലാത്ത രീതിയിലാണ് പ്രതികരിച്ചത്. ആക്രമണത്തിലധിഷ്ഠിതമായി അവർ ഇതിനെതിരിൽ പ്രതികരിച്ചപ്പോൾ അഹ്മദിയ്യാ ഖലീഫ മറ്റൊരു മാർഗ്ഗമാണവലംബിച്ചത്. ഇസ്ലാമികമായ മാർഗ്ഗം. നബി(സ)തിരുമേനിയുടെ മഹത്ഗുണങ്ങൾ കൂടുതൽ പേരിലേക്കെത്തിക്കാനുള്ള പദ്ധതികൾ അദ്ദേഹം ആവിഷ്കരിച്ചു. അങ്ങനെ നബികീർത്തന സമ്മേളനങ്ങൾക്ക് തുടക്കം കുറിക്കപ്പെട്ടു.

സൽമാൻ റുഷ്ദിയുടെ 'സാത്താന്റെ വചനങ്ങൾ' എന്ന ഗ്രന്ഥവും ബംഗ്ലാദേശ് എഴുത്തുകാരി തസ്ലീമയുടെ 'ലജ്ജ' എന്ന കൃതിയും നബിയുടെ ഉജ്ജ്വല പ്രകാശത്തെ അണയ്ക്കാൻ ശ്രമിച്ചുകൊണ്ടുള്ളതു തന്നെയാണ്. എന്നാൽ ആരൊക്കെ ശ്രമിച്ചാലും ഈ പ്രകാശത്തെ ഊതിക്കെടുത്താൻ സാദ്ധ്യമല്ല. കൂടുതൽ ശോഭയോടെ ഈ പ്രകാശം ജ്വലിപ്പിക്കാനായി അല്ലാഹു സംവിധാനമൊരുക്കിയിട്ടുണ്ട്. അതാണ് മസീഹ് മൗഊദ്(അ)യും അഹ്മദിയ്യാ ജമാഅത്തും. വാഗ്ദത്ത മസീഹും അദ്ദേഹത്തിന്റെ ഖലീഫമാരും നബിതിരുമേനിയുടെ ജീവചരിത്രം ലോകത്തിന്റെ മുന്നിൽവച്ചു. ക്രിസ്തീയലോകമടക്കം എല്ലാവരും അതിലൂടെ നബി(സ) തിരുമേനിയുടെ പ്രകാശത്തെ തിരിച്ചറിഞ്ഞു. ഇത് പാശ്ചാത്യർക്കും മറ്റും ഒരു തിരിച്ചടിയായി. ഈ സന്ദർഭത്തിലാണ് കാർട്ടൂൺ പുറത്തുവരുന്നത്. തലയിൽ മിസൈലും ചുമലുകളിൽ ബോംബും വെച്ച് ചിത്രീകരിക്കപ്പെട്ട കാർട്ടൂൺ വൻപ്രതിഷേധം വിളിച്ചുവരുത്തി. ഇവിടെയും ചരിത്രമാവർത്തിച്ചു. ഭൂരിപക്ഷ മുസ്ലിംകൾ തീ കൊണ്ടും തോക്കുകൊണ്ടും പ്രതികരിച്ചപ്പോൾ അഹ്മദിയ്യാ ജമാഅത്ത് ഇസ്ലാമിക പാരമ്പര്യം ഒരിക്കൽകൂടി ഉയർത്തിപ്പിടിച്ചു. ജമാഅത്തിന്റെ ഇമാം നബിതിരുമേനിയുടെ ജീവിതം വിവരിച്ചുകൊണ്ട് ഖുത്ബ പരമ്പരതന്നെ നടത്തി. ഇത്തരത്തിലുള്ള കുത്സിതശ്രമങ്ങൾ നബി(സ) തിരുമേനിക്കെതിരെ ഇനിയുമുണ്ടാകും. പക്ഷെ, അഹ്മദിയ്യാ ജമാഅത്ത് ഇവിടെയുള്ളപ്പോൾ ആർക്കും തന്നെ നബി(സ) തിരുമേനിയെന്ന സൂര്യനെ മറച്ചുവയ്ക്കാൻ സാധ്യമല്ലായെന്ന് ഞങ്ങൾ ഓർമ്മിപ്പിക്കട്ടെ.

## 2006 ജനുവരി 7–ാം തിയ്യതി ചേർന്ന മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ പ്രവർത്തന സമിതി യോഗത്തിൽ ഹ: ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശങ്ങളുടെ ചുരുക്കം

**ശുഅ്ബ ഇഅ്തിമാദ്**

1. ഇന്ത്യയിൽ 841 മജ്ലിസുകളുണ്ട്. എല്ലാ മാസവും കൃത്യമായി ഓരോ മജ്ലിസിൽ നിന്നും റിപ്പോർട്ട് ലഭിക്കേണ്ടതാണ്.
2. മൂന്ന് വർഷം മുമ്പ് രൂപീകൃതമായ മജ്ലിസുകൾ നവ മജ്ലിസുകളുടെ ഗണത്തിൽപ്പെടുന്നതല്ല. അവ പഴയതായിരിക്കുന്നു. അത്തരം മജ്ലിസുകളെ നിസാമിന്റെ സജീവ ഭാഗമാക്കേണ്ടതാണ്. അവരിൽ നിന്നും കൃത്യമായി പ്രവർത്തന റിപ്പോർട്ടുകൾ ലഭിക്കേണ്ടതാണ്. ലൈബ്രറിയുള്ള മജ്ലിസുകളിൽ ലൈബ്രറികളിലും ഇത് സൂക്ഷിക്കേണ്ടതാണ്. അതേപോലെ ഓരോ ഖാദിമിനെയും വ്യക്തപരമായി ഈ പുസ്തകം വാങ്ങിക്കാൻ പ്രേരിപ്പിക്കേണ്ടതാണ്.
3. മശ്അലെറാഹ് എന്ന പുസ്തകത്തിന്റെ അഞ്ചു വാള്യങ്ങളും ഓരോ മജ്ലിസിലും ഉണ്ടായിരിക്കേണ്ടതാണ്. ലൈബ്രറിയുള്ള മജ്ലിസുകളിൽ ലൈബ്രറികളിലും ഇത് സൂക്ഷിക്കേണ്ടതാണ്. അതേപോലെ ഓരോ ഖാദിമിനെയും വ്യക്തിപരമായി ഈ പുസ്തകം വാങ്ങിക്കാൻ പ്രേരിപ്പിക്കേണ്ടതാണ്.
4. മജ്ലിസിന്റെ പ്രവർത്തനങ്ങൾക്കായി ഓരോ ഖാദിമിനെയും മുഅ്ത്തമിദ് ദിവസവും എത്ര മണിക്കൂറുകൾ ചെലവാക്കുന്നു.
5. താങ്കളുടെ രാജ്യത്ത് എത്ര മജ്ലിസുകളുണ്ട്. എത്ര മജ്ലിസുകൾ കൃത്യമായി റിപ്പോർട്ടുകളയക്കുന്നു.
6. പ്രാദേശിക, സ്റ്റേറ്റ് തലത്തിൽ ഇജ്തിമാഅ് സംഘടിപ്പിക്കുക.
7. സെക്രട്ടറിമാർക്ക് വേണ്ടി ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുകയും പ്രവർത്തന രേഖയും മൗലിക തത്വങ്ങളും പഠിപ്പിക്കേണ്ടതാണ്.
8. ഓരോ മജ്ലിസുമായും നേരിട്ടു ബന്ധം വേണം.

**നാഇബ് സദർമാർ**

കൂടുതൽ ജോലിഭാരമുള്ളതും കൂടുതൽ മേൽനോട്ടം ആവശ്യമുള്ളതുമായ വകുപ്പുകളെ രണ്ടോ മൂന്നോ ആക്കി തിരിച്ച് നാഇബ് സദർമാരെ ഏൽപ്പിക്കേണ്ടതാണ്.

**ശുഅ്ബ അത്ഫാൽ**

1. ഇന്ത്യയിലെ എല്ലാ മജ്ലിസുകളിൽ നിന്നും അത്ഫാലിന്റെ പ്രവർത്തന റിപ്പോർട്ടു കൃത്യമായും ലഭിക്കേണ്ടതാണ്.
2. അത്ഫാലിന് ശിക്ഷണം നൽകപ്പെടുന്നില്ലെങ്കിൽ ഭാവിയിൽ എന്തു ചെയ്യും? കുട്ടികളെ നിയന്ത്രിക്കുക എന്നത് വളരെ പ്രധാനപ്പെട്ട ജോലിയാണ്.
3. താങ്കളുടെ രാജ്യത്ത് എത്ര അത്ഫാലുണ്ട്? എത്ര മജ്ലിസുകളുണ്ട്? എത്ര മജ്ലിസുകളിൽ നിന്ന് കൃത്യമായി റിപ്പോർട്ട് ലഭിക്കുന്നുണ്ട്.
4. അത്ഫാലിന് പ്രത്യേക പ്രവർത്തക സമിതി സ്ഥാപിതമായിട്ടുണ്ടോ?
5. വഖ്ഫ് ജദീദിന്റെ ഉത്തരവാദിത്വം അത്ഫാലിനെ ഏൽപ്പിക്കുക

........മുജാഹി ദെമിയെ യാർ അവ്വൽ ഒന്നാം നിലവാരത്തിലുള്ളവർക്ക് 200 രൂപയും മിയാർ ദോം രണ്ടാം നിലവാരമുള്ളവർക്ക് 100 രൂപയും വെയ്ക്കുക. അവരുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കി എനിക്കയച്ചു തരിക. ബാക്കിയുള്ളവരെ ചേർക്കുക.

6. മുഅ്തമിം അത്ഫാൽ മജ്ലിസിന്റെ പ്രവർത്തനങ്ങൾക്കു ദിവസവും എത്ര മണിക്കൂർ ചെലവു ചെയ്യുന്നു.
7. അത്ഫാലിന്റെ ബജറ്റ് എത്രയാണ്.
8. മജ്ലിസ് അത്ഫാലിനെ വളരെ ആക്റ്റീവ് പ്രവർത്തന നിരതരാക്കേണ്ടത് അത്യാവശ്യമാണ്.
9. 100% അത്ഫാലിനെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും അത്ഫാലിന്റെ ബഡ്ജറ്റ് വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്

**ശുഅ്ബ തജ്നീദു**

1. ഖുദ്ദാമിന്റെ തജ്നീദു എത്രയാണ്.
2. തജ്നീദിന്റെ അവലോകനം നടത്തുക. അതിനെ അധികരിപ്പിക്കുക. ഇതിനായി പര്യടനം നടത്തുക.

പ്രാദേശിക ഖാഇദുമായി ബന്ധപ്പെടുക. മജ്ലിസുകളെ ഫോളോ ചെയ്യുക.

**ശുഅ്ബാ ഇശാഅത്ത്**

1. താങ്കളുടെ രാജ്യത്ത് മജ്ലിസിന്റെ വകയായി ഏത് മാസികയും സാഹിത്യങ്ങളുമാണ് പ്രസിദ്ധീകരിക്കപ്പെടുന്നത്.
2.. മശ്അലെ റാഹി ന്റെ 5 വാള്യങ്ങളും ഒന്നിച്ച് പ്രസിദ്ധീകരിക്കുക. അതേപ്രകാരം കാമിയാബീകീ റാഹേൻ എന്ന പുസ്തകവും ഒരു വാള്യത്തിൽ പ്രസിദ്ധീകരിക്കുക.
3. കാലത്തിന്റെ ഖലീഫയുടെ ഖുത്ബകളും ഇതര നിർദ്ദേശങ്ങളും പ്രാദേശിക ഭാഷകളിൽ പരിഭാഷ ചെയ്യുക.
4. ഇപ്പോൾ കമ്പ്യൂട്ടർ കാരണം മാസികകളിൽ പടങ്ങളുടെ മേൽ പടങ്ങൾ ലപ്സ് ചെയ്തു കയറ്റുന്നത്

തെറ്റായ മാർഗ്ഗമാണ്. അതുണ്ടാകരുത്. അത് ഭൗതികതയാണ്. നാം അതിൽ നിന്നും വ്യത്യസ്തരായിരിക്കണം നമുക്ക് നമ്മുടെതായ പാരമ്പര്യങ്ങളുണ്ട്.

6 ഈ വകുപ്പിനെയും വളരെ സജീവമാക്കേണ്ടത് അത്യാവശ്യമാണ്.

**ശുഅ്ബാ മാൽ**

1. ബഡ്ജറ്റിൽ എത്ര ഖുദ്ദാം ചേർന്നിരിക്കുന്നു. ബഡ്ജറ്റ് എത്രയാണ്.
2. വിദ്യാർത്ഥികൾ എത്ര പേരുണ്ട്. തൊഴിലുള്ളവരും തൊഴിൽ രഹിതരും എത്രയാണ്. ശരിയായ ലിസ്റ്റ് തയ്യാറാക്കുക.
3. താങ്കളുടെ രാജ്യത്ത് എത്ര ശതമാനം ഖുദ്ദാം ഗ്രാമങ്ങളിലും ചെറിയ കസബകളിലും വസിക്കുന്നുണ്ട്.
4. 100% ഖുദ്ദാമിനെയും ബഡ്ജറ്റിൽ ഉൾപ്പെടുത്തുക. താങ്കളുടെ ബഡ്ജറ്റ് വളരെ വർദ്ധിപ്പിക്കേണ്ടതുണ്ട്. താങ്കളുടെ ബഡ്ജറ്റ് മൂന്ന് ഇരട്ടിയോളം അല്ലെങ്കിൽ ചുരുങ്ങിയത് രണ്ട് ഇരട്ടിയോളമെങ്കിലും വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്.
5. കഴിയുന്നതും ചെലവുകൾ ചുരുക്കേണ്ടതാണ്.

**ശുഅ്ബ ഖിദ്മത്തെ ഖൽഖ്**

1. വലിയ പട്ടണങ്ങളിൽ രക്തദാനം ചെയ്യുന്നവരുടെ ടീമുകൾ ഉണ്ടാക്കുക.

ബ്ലഡ് ബാങ്ക് സ്ഥാപിതമായ ഗവൺമെന്റ് ആശുപത്രികളിൽ ഖുദ്ദാമുൽ അഹ്മദിയ്യാ ഖിദ്മത്തെ ഖൽക്ക് എന്ന പേരിൽ രജിസ്റ്റർ ചെയ്യുക. രക്തദാനത്തിനു ആരോഗ്യമുള്ള യുവാക്കളെ തയ്യാറാക്കുക. അങ്ങനെ മാസത്തിലോ, രണ്ട് മാസത്തിലോ, അവിടെ പോയി രക്തദാനം ചെയ്യാൻ അവർക്ക് കഴിയേണ്ടതാണ്.

2. ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിലും ഇതര സ്ഥലങ്ങളിലും ഖുദ്ദാമുൽ അഹ്മദിയ്യാ ഖിദ്മത്തെ ഖൽക്ക് എന്ന പേരിൽ രജിസ്റ്റർ ചെയ്യുക.
3. രോഗികളെ സന്ദർശിക്കുക. ആശുപത്രികളിൽ രോഗികൾക്കായി ഫ്രൂട്സും മറ്റും കൊണ്ടു പോകുക.
4. അഞ്ചു വലിയ മജ്ലിസുകളിൽ ഫ്രീ മെഡിക്കൽ ഡെന്റൽ ക്യാമ്പ് സംഘടിപ്പിക്കുക.
5. ഫ്രീ മെഡിക്കൽ പരിശോധനാ ക്യാമ്പ് സംഘടിപ്പിക്കുക.
6. ബുക്ക് ബാങ്ക് സ്ഥാപിക്കുക.
7. നോ പ്രോഫിറ്റ്, നോ ലോസ് വ്യവസ്ഥയിൽ പുസ്തകങ്ങളുടെയും നോട്ടു ബുക്കുകളുടെയും സ്റ്റാൾ ഏർപ്പാടു ചെയ്യുക.
8. താഹിർ ഹോമിയോ എന്ന പേരിൽ ഹോമിയോപതി ക്യാമ്പ് സംഘടിപ്പിക്കുക.
9. എല്ലാ ഖാദിമിങ്ങളുടെയും ബ്ലഡ് ഗ്രൂപ്പ് റിക്കാർഡ് ചെയ്യേണ്ടതാണ്.
10. മാർച്ച് മാസത്തിൽ സൃഷ്ടി സേവനവാരം ആചരിക്കുക.

**ശുഅ്ബ തഅ്ലിം**

1. വർഷത്തിൽ രണ്ടും മൂന്നും പ്രാവശ്യം ദീനി സിലബസിന്റെ പരീക്ഷ നടത്തേണ്ടതാണ്.
2. ഓരോ മജ്ലിസിലും കാമിയാബീകീറാഹേൻ എന്ന പുസ്തകം ഉണ്ടായിരിക്കേണ്ടതാണ്.
3. എല്ലാ ഖാദിംകളെയും പരീക്ഷയിൽ പങ്കെടുപ്പിക്കുക. ഇതിനായി ഒരു ടാർജറ്റ് രൂപീകരിക്കുക. പ്രവർത്തക സമിതി അംഗങ്ങളും പരീക്ഷ എഴുതണം. പരീക്ഷ എഴുതാത്തവരുടെ റിപ്പോർട്ട് എനിക്കയച്ചു തരണം.
4. ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ പുസ്തകങ്ങൾ പാരായണം ചെയ്യുക.
5. പ്രബന്ധ മത്സരത്തിൽ ഖുദ്ദാമിനെ പങ്കെടുപ്പിക്കുക.

**ശുഅ്ബ തബ്ലീഗ്**

1. എത്ര ബൈഅത്തുകൾ ചെയ്യിച്ചു.
2. ബൈഅത്തു ചെയ്തവർ ഖുദ്ദാമാണോ അൻസാറാണോ അത്ഫാലാണോ ലജ്നയാണോ എന്ന പരിപൂർണ്ണ റിക്കോർഡ് സൂക്ഷിക്കേണ്ടതാണ്. ബന്ധപ്പെട്ട ശാഖാ സംവിധാനത്തിന് അവരുടെ ലിസ്റ്റ് അയച്ചു കൊടുക്കണം.
3. പുതിയ ബൈഅത്ത് ചെയ്തവരുടെ പൂർണ്ണമായ റിക്കാർഡ് വെക്കുക. അതായത് ബൈഅത്ത് ചെയ്ത ആളുടെ പേര്, പിതാവിന്റെ പേര്, ബൈഅത്ത് ചെയ്ത വർഷം, ആരു മുഖേന ബൈഅത്ത് ചെയ്തു., ഏത് ജമാഅത്തുമായാണ് ബന്ധപ്പെട്ടത്. അല്ലെങ്കിൽ അടുത്തുള്ള ജമാഅത്തിന്റെ പേര്. ബന്ധപ്പെടാൻ പൂർണ്ണ അഡ്രസ്സ് തർബിയത്തിനായി ഏത് ജമാഅത്തിനെയാണ് അല്ലെങ്കിൽ ഏത് മജ്ലിസിനെയാണ് ആശ്രയിക്കുന്നത് നവ അഹ്മദിയുമായി ബന്ധപ്പെടുന്ന ഖാദിമിന്റെ പേര് അല്ലെങ്കിൽ മജ്ലിസിന്റെ പേര്, നവ അഹ്മദി എത്രത്തോളം ജമാഅത്തുമായി സമരസപ്പെടുന്നുവെന്നും ജമാഅത്തിന്റെ അധ്യാപനങ്ങളും പാരമ്പര്യങ്ങളുമായും നിസാമുമായും എത്രത്തോളം പരിചയപ്പെട്ട് വരുന്നു എന്നീ പ്രോഗ്രസ് റിപ്പോർട്ട് കൃത്യമായി കേന്ദ്രത്തിലേക്കയച്ചു കൊടുക്കുക. ജമാഅത്തിന്റെ വ്യവസ്ഥയുമായി എത്ര കണ്ട് പൊരുത്തപ്പെടുന്നു എന്നീ കാര്യങ്ങൾ റിക്കാർഡ് ചെയ്യുക.
4. നവ അഹ്മദികളായ ഖുദ്ദാമിന്റെയും അത്ഫാലിന്റെയും ലിസ്റ്റ് തയ്യാറാക്കി ഒരാഴ്ചക്കുള്ളിൽ തന്നെ മുഅ്തമിം തർബിയത്തെ നൗമുബായീൻ ലഭ്യമാക്കേണ്ടതാണ്. എന്നാലെ അദ്ദേഹത്തിന് അവരുമായി ബന്ധപ്പെട്ട് തർബിയത്തിനുള്ള ഏർപ്പാടുകൾ ചെയ്യാൻ സാധിക്കുകയുള്ളൂ.
5. ഒരു വർഷത്തിനകത്ത് ഉണ്ടാവുന്ന പുതിയ ബൈഅത്തുകളെ സൂക്ഷിച്ച് നിലനിർത്തുക.
6. ബൈഅത്ത് വ്യവസ്ഥയെ പൂർവ്വാർധികം കാര്യക്ഷമമായി നിലനിർത്തുക.

**നവ അഹ്മദികളുടെ തർബിയ്യത്തിന്റെ വകുപ്പ്**

1. നവ അഹ്മദികളുമായി ബന്ധപ്പെടുന്നതിനായി എന്ത് വഴിയാണ് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്.
2. എത്ര പേരുമായി ബന്ധമുണ്ട്. എത്ര പേരുമായി ബന്ധം അവസാനിച്ചു പോയിട്ടുണ്ട്.
3. ബന്ധം അവസാനിപ്പിച്ചവരുമായി പുനർബന്ധം സ്ഥാപിക്കുന്നതിനായി എന്ത് ഏർപ്പാടു ചെയ്തു.
4. ഇതിനായി ടീമുകൾ ഉണ്ടാക്കുക. വഖ്ഫ് ആർസി പദ്ധതിക്കു ജീവൻ നൽകുക. വിവിധ പ്രോഗ്രാമുകൾ ആവിഷ്കരിക്കുക. റീഫ്രഷർ കോഴ്സുകൾ നടത്തുക.
5. ശിക്ഷണത്തിനായി അല്ലാഹു പഠിപ്പിച്ച വഴികളും പദ്ധതികളും അനുസരിച്ച് പ്രവർത്തിക്കുക. അതായത് ആദ്യമായി പക്ഷികളെ പിടിച്ച് അവർക്കു ശിക്ഷണം നൽകു

*(ശേഷം 5-ാം പേജിൽ)*

# പ്രകാശം പരത്തുന്ന ജീവിതങ്ങൾ

## സഹാബികളുടെ ജീവിതാനുഭവങ്ങൾ

**വൃക്ഷം അതിന്റെ ഫലങ്ങൾ തിരിച്ചറിയപ്പെടുന്നു. നബിതിരുമേനി(സ) അരുളുകയുണ്ടായി. "എന്റെ സഹാബാക്കൾ നക്ഷത്രങ്ങളെപ്പോലെയാണ്. അവരിൽ ആരെ നിങ്ങൾ പിൻപറ്റിയാലും നേർമാർഗ്ഗം പ്രാപിക്കുന്നതാണ്." ഇക്കാലഘട്ടത്തിൽ നബിതിരുമേനി (സ)യെ പരിപൂർണ്ണമായി പിൻപറ്റുകയും തങ്ങളിൽ ലയിക്കുകയും ചെയ്തതിന്റെ ഫലമായി നുബൂവ്വത്തെന്ന ആത്മീയ ഔന്നത്യം പ്രാപിച്ച ഇമാം മഹ്ദി മിർസാ ഗുലാം അഹ്മദ്(അ), സൃഷ്ടാവുമായി ഭാഷണത്തിലേർപ്പെടുകയും ആ മധു സ്വയം നുകർന്നു കൊണ്ടിരിക്കുകയും മാത്രമല്ല ചെയ്തത്. തന്റെ അനുചരന്മാരേയും ആ ആത്മീയാനുഭൂതികളുടെ ലോകത്തേക്ക് ആനയിക്കുകയുണ്ടായി. തന്നിമിത്തം ആ ശിഷ്യന്മാർ ദൈവാസ്തികൃത്തിന്റെ ജീവൽമാതൃകകളായി ത്തീർന്നു. അങ്ങനെയുള്ള ചില സഹാബാക്കളെയാണ് ഈ കോളം മുഖേന പരിചയപ്പെടുത്തുന്നത്. ബൈഅത്തിനുശേഷം അവരിലുണ്ടായ ആത്മീയവിപ്ലവം നമുക്ക് പ്രചോദനവും ആത്മസംസ്കരണത്തിന് കാരണവുമായിത്തീരട്ടെ എന്ന് ദുആ ചെയ്യുന്നു.**

### ഹസ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി(റ)

1877-79 നിടയിൽ ഗുജറാത്തിലെ രാജകി ഗ്രാമത്തിലാണ് ജനനം. മൂത്തസഹോദരന്റെ ആഗ്രഹപ്രകാരം പിതാവ് നവജാതശിശുവിന് ഗുലാം റസൂൽ എന്ന് നാമകരണം ചെയ്തു. തന്റെ പേരിനെ അന്വർത്ഥമാക്കുംവിധത്തിൽ അവിടന്ന് പിന്നീട് റസൂലിന്റെ ഗുലാം ആയിത്തീർന്നു.

**ബൈഅത്ത്:**- ചെറുപ്പത്തിൽതന്നെ അറിവ് നേടാനുള്ള ഒരു തൃഷ്ണ അദ്ദേഹത്തിലുണ്ടായിരുന്നു. ഗോലേകി എന്ന സ്ഥലത്ത് മൗലാനാ റൂമിയുടെ മസ്നവി പഠിച്ചുകൊണ്ടിരിക്കുന്ന കാലം- പള്ളിയിൽ മൗലവി സാഹിബുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ നമസ്കരിക്കാൻ വന്ന ഒരു ശിപായിയിൽ നിന്ന് തികച്ചും യാദൃശ്ചികമായി ലഭിച്ച ഹദ്റത്ത് അഹ്മദ് (അ)ന്റെ ആയിനയെ കമാലാത്തെ ഇസ്ലാം" എന്ന വിഖ്യാതമായ ഗ്രന്ഥത്തിലെ നബി തിരുമേനി(സ)യെക്കുറിച്ചുള്ള ചില പദ്യശകലങ്ങളാണ് സത്യാന്വേഷണതല്പരനായ അദ്ദേഹത്തെ അഹ്മദിയ്യാ ജമാഅത്തിലെത്തിക്കുന്നത്. 97-ൽ കത്ത് മുഖേനയും 99-ൽ ഇമാം മഹ്ദിയുടെ കയ്യിൽ നേരിട്ടും ബൈഅത്ത് ചെയ്തു. ബൈഅത്തിനുശേഷം നമസ്കാരം ഭംഗിയായി നിർവ്വഹിക്കുവാനും നിശ്ചിത ദുആകൾക്കു പുറമെ മാതൃഭാഷയിൽ ദുആ ചെയ്യുവാനും കൂടെ ഇസ്തിഗ്ഫാറും സ്വലാത്തും അധികരിപ്പിക്കുവാനും ഹദ്റത്ത് അഹ്മദ്(അ) ശിഷ്യനെ ഉപദേശിച്ചു. കൂടെയുണ്ടായിരുന്ന മൗലവി ഇമാമുദ്ദീൻ സാഹിബ് ചോദിച്ചു. ഹുസൂർ! മാതൃഭാഷയിൽ ദുആ ചെയ്താൽ നമസ്കാരം മുറിയുകയില്ലേ? "നമസ്കാരം ആദ്യമേതന്നെ മുറിഞ്ഞിരിക്കുകയാണ്. നാം അതിനെ യോജിപ്പിക്കുവാനാണ് ആഗതനായിരിക്കുന്നതെന്ന്" അവിടുന്ന് പറഞ്ഞു.

തനിക്ക് ലഭ്യമായ സന്ദേശം ജനങ്ങളിലേക്കെത്തിക്കാൻ ഒരു ഭ്രാന്തനെപോലെ അദ്ദേഹം അലഞ്ഞുനടന്നു. സ്വാഭാവികമായും കടുത്ത എതിർപ്പുകളും കുഫ്ർ ഫത്ത്വകളുമുണ്ടായി. എന്നാൽ ഇതൊന്നും ഗൗനിക്കാതെ തന്റെ പ്രവർത്തനത്തിൽ കൂടുതൽ വ്യാപൃതനായികൊണ്ടിരുന്നു. ദൈവാസ്തിക്യം പ്രകടമാക്കുന്ന ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്.



ഈ എതിർപ്പിന്റേയും കുഫ്ർ ഫത്ത്വകളുടേയും നാളുകളിൽ അല്ലാഹു അദ്ദേഹത്തിന് ഇങ്ങനെ സുവാർത്ത നൽകി. മൗലവി ഗുലാം റസൂൽ, ***നൗജവാൻ സാലിഹ് കറാമാത്തി***. ഈ ഇൽഹാമിനുശേഷം അല്ലാഹു അദ്ദേഹത്തിന് ഹിന്ദു-മുസ്ലിം- ക്രിസ്ത്യൻ വിഭാഗങ്ങളിലെ വലിയ വലിയ പണ്ഡിതന്മാരുമായി നടത്തിയ വാദപ്രതിവാദങ്ങൾക്ക് വ്യക്തമായ വിജയം നൽകുകയുണ്ടായി. വിശുദ്ധഖുർആനിലും തിരുവചനങ്ങളിലും മറ്റ് മതഗ്രന്ഥങ്ങളിലും ആഴത്തിലുള്ള അവഗാഹം ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ മണിക്കൂറുകൾ നീളുന്ന പ്രഭാഷണങ്ങൾ സദസ്യരെ ഹഠാദാകർഷിച്ചിരുന്നു. അഹ്മദിയ്യത്തിന്റെ ധ്വജവാഹകനായി ഇസ്ലാമിന്റെ അജയ്യപോരാളിയായി അരനൂറ്റാണ്ടോളം അദ്ദേഹം മതമണ്ഡലത്തിൽ നിറഞ്ഞുനിന്നു. ലാഹോർ, കാശ്മീർ മുതൽ ലഖ്നൗ, ബനാറസ്, ബോംബെ, ബാംഗ്ലൂർ, മദ്രാസ് എന്നല്ല ഇങ്ങ് കേരളക്കരവരെ അദ്ദേഹത്തിന്റെ പാദസ്പർശത്താൽ ധന്യമായി. അഹ്മദിയ്യാ മുബല്ലിഗായി ഇന്ത്യയിലെ ഒട്ടുമിക്ക പ്രദേശങ്ങളും അവിടന്ന് സന്ദർശിച്ചു.

ദർസുൽ ഖുർആനും തബ്ലീഗുമായി 6 മാസക്കാലത്തോളം അദ്ദേഹം പഴയങ്ങാടിയിലും കണ്ണൂരിലും ഉൾപ്പെടെയുള്ള മലബാറിൽ കഴിച്ചുകൂട്ടി. പഴയങ്ങാടി പള്ളിക്ക് തറക്കല്ലിടുകയും ചെയ്തു. അറബിയിൽ അഗാധപാണ്ഡിത്യമുണ്ടായിരുന്ന അദ്ദേഹത്തെ കാണുവാനും സംസാരിക്കുവാനും ധാരാളം അനഹ്മദി അറബിപണ്ഡിതന്മാർ വന്നുകൊണ്ടിരുന്നു. അപ്രകാരം കണ്ണൂരിലെ നവാബ് സാഹിബ് സ്വയംതന്നെ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിൽ പ്രഭാവിതനാവുകയും ഭക്ഷണത്തിന് ക്ഷണിക്കുകയും ചെയ്തു എന്നുള്ളത് സ്മരണീയമാണ്. ഏകദേശം 50-ഓളം സഹോദരന്മാർ അദ്ദേഹത്തിന്റെ ഈ പര്യടനത്തിൽ ബൈഅത്ത് ചെയ്ത് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിൽ പ്രവേശിക്കുകയുണ്ടായി. അൽഹംദുലില്ലാഹ്.

തന്റെ മലബാർ യാത്ര ദൈവികസഹായത്തിന്റെ ഒരുത്തമഉദാഹരണമായാണ് അദ്ദേഹം കാണുന്നത്. പ്രസ്തുത യാത്രയെക്കുറിച്ച് അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു.

ബോംബെയിൽനിന്ന് നാലുദിവസത്തെ യാത്രയ്ക്കുശേഷം ഞാനും ജനാബ് ഇർഫാനി സാഹിബും (ശൈഖ് മഹ്മൂദ് സാഹിബ് ഇർഫാനി) കപ്പലിൽ മലബാറിനോടടുത്തു. ഒന്നുരണ്ട് മൈൽ ദൂരെ കപ്പൽ നിറുത്തി. എല്ലാവരും ഇവിടെ നിന്ന് വഞ്ചികളിൽ തീരമണയുവാൻ ക്യാപ്റ്റന്റെ നിർദ്ദേശമുണ്ടായി. ഞങ്ങൾ ഒരു വഞ്ചിയിൽ കയറി ഏകദേശം അര മൈലോളം ബാക്കിയുള്ളപ്പോൾ കടലിൽ ശക്തിയായി കൊടുങ്കാറ്റ് വീശി. വഞ്ചി ഇളകിയാടാൻ തുടങ്ങി. വഞ്ചിക്കാരൻ പരിഭ്രമിച്ചുകൊണ്ട് യാപീർ ബുഖാരി, യാപീർ അബ്ദുൽ ഖാദിർ ജിലാനി എന്നെല്ലാം വിളിച്ച് പ്രാർത്ഥിക്കുവാൻ തുടങ്ങി. നോക്കിനിൽക്കേ വഞ്ചിയിൽ വെള്ളം നിറയാൻ തുടങ്ങി. അല്ലാഹുവിന് പങ്കുകാരെ ചേർത്തുകൊണ്ടുള്ള വഞ്ചിക്കാരന്റെ ദുആകളും വഞ്ചിയുടെ അവസ്ഥയും കണ്ട് അല്പം ശാരീരികാസ്വസ്ഥതയിലായിരുന്ന ഞാൻ എഴുന്നേറ്റു. "നിങ്ങൾ ശിർക്ക് ചെയ്തുകൊണ്ട് നമ്മുടെ നാശത്തെ കൂടുതൽ സമീപസ്ഥമാക്കുകയാണ് ചെയ്യുന്നത്. തൗബാ ചെയ്യുക. റബ്ബുൽ ആലമീനായ അല്ലാഹുവിനോട് മാത്രം സഹായം തേടുക. ഈ പീർമാർ ആരാണ്. ഇവരെല്ലാം അല്ലാഹുവിന്റെ വിനീതദാസന്മാരായിരുന്നു. അല്ലാഹുവിന്റെ സഹായമില്ലാതെ യാതൊന്നും നടക്കുകയില്ല. ഇതെല്ലാം അവന്റെ ഇംഗിതമനുസരിച്ചാണത്രെ നടക്കുന്നത്. അവനുദ്ദേശിക്കുന്നുവെങ്കിൽ ഈ നിമിഷംതന്നെ തിരമാലയുടെ താണ്ഡവം അവസാനിക്കുന്നതാണെന്ന് വളരെ ഈമാനിക ആവേശത്തോടെ മറുപടി പറഞ്ഞു. ഞാൻ സംസാരം നിറുത്തിയതേയുള്ളൂ. അവന്റെ അനുഗ്രഹവും നിയന്ത്രണവും നോക്കുക. പെട്ടെന്ന് തിരമാല അടങ്ങി. വള്ളം സാധാരണഗതിയിലായി. വഞ്ചിക്കാരൻ കൈവീശികൊണ്ട് പറഞ്ഞു. "തൗബാ! തൗബാ! അല്ലാഹുതന്നെയാണ് നമ്മെ കൊടുങ്കാറ്റിൽ നിന്നും രക്ഷിക്കുന്നത്." കേന്ദ്ര നിർദ്ദേശപ്രകാരം തബ്ലീഗിനായി തിരിച്ചിരിക്കുന്ന ഞാനും സുഹൃത്തും രക്ഷപ്പെടുമെന്ന് എനിക്ക് ദൃഢബോധമുണ്ടായിരുന്നു."

---

*(4-ാം പേജിൽ നിന്ന്)*

ക. അതിനു ശേഷം നിങ്ങൾ അവയെ വിളിക്കുകയാണെങ്കിൽ അവ ഓടിയും പറന്നും നിങ്ങളുടെ അടുക്കെ വരുന്നതാണ്.

6. ബൈഅത്ത് ചെയ്യിപ്പിക്കുന്നതിന്റെ യഥാർത്ഥ ഉദ്ദേശ്യം അവർക്ക് വാഗ്ദത്ത മസീഹിന്റെ സന്ദേശമെത്തിക്കുകയാണ്. അതിനുശേഷം ഹസ്റത്ത് വാഗ്ദത്ത മസീഹ് ഇച്ഛിച്ചതും അദ്ദേഹത്തിന്റെ നിയോഗത്തിന്റെ ലക്ഷ്യവുമായിരുന്ന പരിവർത്തനം അവരിൽ വരുത്തുക. ആ പരിവർത്തനം അവരിൽ ഉണ്ടാകുന്നില്ലെങ്കിൽ പിന്നെ വെറും ബൈഅത്ത് കൊണ്ടൊരു പ്രയോജനവും ഇല്ല തന്നെ
7. നവ അഹ്മദികളുമായി ബന്ധം സ്ഥാപിക്കുകയും അവരിൽ എന്തെല്ലാം മാറ്റങ്ങൾ വന്നിട്ടുണ്ടെന്നും ശിക്ഷണപരമായി എന്ത് പ്രവർത്തനമാണ് നടന്നത് എന്നുമുള്ള റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ എനിക്കയച്ചു തരിക.
8. നവ അഹ്മദികളുടെ പട്ടിക തയ്യാറാക്കി ഒരു ടാർജറ്റ് അനുസരിച്ച് പ്രവർത്തിക്കുക.
9. ജമാഅത്തിൽ ജനങ്ങൾ ചേരുന്ന കാലം ഇൻശാ അല്ലാ സമാഗതമായിരിക്കുന്നു. അവരെ സംരക്ഷിക്കാൻ നാം തയ്യാറാകേണ്ടതാണ്.

**ശുഅ്ബ ഉമൂമി**

1. ജുമുഅ ദിവസം ജമാഅത്തിന്റെ പള്ളികളിൽ സെക്യൂരിറ്റിയെന്നോണം ഖുദ്ദാമിന്റെ കാവൽ ഏർപ്പെടുത്തണം. അന്യരിൽ നിന്നും എപ്പോഴെങ്കിലും അപകടം വരാവുന്നതാണ്. ഖുദ്ദാം എപ്പോഴും ആക്ടീവും ജാഗരൂകരും ആയിരിക്കേണ്ടതാണ്.
2. ജൽസാ സാലാനയുടെ ദിവസങ്ങളിൽ വരുന്ന തീവണ്ടികൾ മുതലായവയിലും ശുഅ്ബ ഉമൂമി ഡ്യൂട്ടി നൽകേണ്ടതാണ്.
3. ഓരോ മജ്ലിസിലും ഓരോ ജമാഅത്തിലും ഖുദ്ദാം ഡ്യൂട്ടി ചെയ്യുന്നുണ്ടോ എന്ന് അവലോകനം നടത്തുന്നു എന്ന റിപ്പോർട്ടു താങ്കൾക്കു ലഭിക്കണം.
4 ഖാദിയാനിലും ഡ്യൂട്ടികൾ ഉണ്ടാവേണ്ടതാണ്.
5. ബിഹ്ശ്തി മഖ്ബറ മസ്ജിദ് മുബാറക്ക് എന്നിവിടങ്ങളിലും ഖുദ്ദാമിന് മുടങ്ങാതെ ഡ്യൂട്ടി ഉണ്ടായിരിക്കേണ്ടതാണ്.

**ശുഅ്ബെ വഖാറെ അമൽ**

1. പള്ളികൾ, ജമാഅത്തിന്റെ കെട്ടിടങ്ങൾ അതിന്റെ ചുറ്റുപാടുകൾ എന്നിവ വൃത്തിയാക്കി വെക്കണം. എല്ലാ ആഴ്ചയിലും കൃത്യമായി വൃത്തിയാക്കാനുള്ള ഏർപ്പാടുകൾ ഉണ്ടായിരിക്കേണ്ടതാണ്.
2. പൊതു സ്ഥലങ്ങളിലും വഖാറെ അമൽ ചെയ്യാവുന്നതാണ്. ചില പ്രത്യേക അവസരങ്ങളിൽ പൊതു സ്ഥലങ്ങളിൽ വഖാറെ അമൽ നടത്തിയാൽ അതു വഴി പുറം ലോകത്തിന് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തനനിരതരാണെന്ന് ബോധ്യപ്പെടുന്നതാണ്.
3. വൃക്ഷങ്ങൾ നട്ടു വളർത്തുവാനുള്ള പദ്ധതി നടപ്പാക്കുക. എല്ലായിടത്തും വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുക-യൂക്കാലിപ്സ് (സഫേദ) വൃക്ഷം നടരുത്. അതിന്റെ വേരുകൾ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. അത്പോലെ തന്നെ അതിന് വെള്ളം കൂടുതൽ ആവശ്യം വരുന്നു. നിരത്തുകളുടെ ഇരുവശങ്ങളിലും പ്രത്യേകിച്ച് ജമാഅത്ത് പള്ളികൾ കെട്ടിടങ്ങൾ, ഖുദ്ദാം ഓഫീസ്, എന്നിവയുടെ ചുറ്റുപാടുകളിൽ നല്ല വൃക്ഷങ്ങൾ നട്ടു വളർത്തുക.

**ശുഅ്ബ തഹ്രീഖ് ജദീദ്**

1. 100% ഖുദ്ദാമിനെ പങ്കെടുപ്പിക്കുക.

**ശുഅ്ബ ഉമൂറെ തുലബാ (വിദ്യാർത്ഥികളുടെ കാര്യ നിർവ്വഹണ വകുപ്പ്)**

1. രാജ്യത്തെ മുഴുവൻ വിദ്യാർത്ഥികളുടെയും ലിസ്റ്റ് ശേഖരിച്ച് അവർ എത്ര ഉണ്ടെന്ന് അറിയുക
2. വിദ്യാഭ്യാസം അവസാനിപ്പിച്ചവർ വിദ്യാഭ്യാസം അവസാ

*(ശേഷം 6-ാം പേജിൽ)*

---

## മജ്ലിസ് ആമില 2005-06

## മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് കേരള

**നോർത്ത് കേരള ഇലാഖ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഭാരവാഹികളായി താഴെപറയുന്നവരെ അഖിലേന്ത്യാ സദർ ശുഐബ് അഹ്മദ് നിശ്ചയിച്ചിരിക്കുന്നു.**

| നമ്പർ | പദവി | പേര് | ഫോൺ |
|---|---|---|---|
| 1. | ഖായിദ് | ജ: സലാഹുദ്ദീൻ.സി. | 9447424619 |
| 2. | നായിബ് ഖായിദ് | ജ: പി.എം. ബശീർ അഹ്മദ് | 9846166887 |
| 3. | മുഅത്തമിദ് | ജ: സി. സമീം | 9387519202 |
| 4. | നാസിം തജ്നീദ് | ജ: നദീം കൂടാളി | 0490 2484593 |
| 5. | നാസിം ഇശാഅത്ത് | ജ: ബി.എം. ശൗക്കത്തലി മാത്തോട്ടം | 9446650013 |
| 6. | നാസിം മാൽ | ജ: ബസിത് മുസ്ലിം മണ്ണാർക്കാട് | 9447715405 |
| 7. | നാസിം തർബിയത്ത് | ജ: നാസിർ അഹ്മദ് ചേലക്കര | 9447231051 |
| 8. | നാസിം തബ്ലീഗ് | ജ: സബാഹ് പത്തപ്പിരിയം | 9446993895 |
| 9. | നാസിം തഅ്ലിം | ജ: ഷെഫി അഹ്മദ് കണ്ണൂർ സിറ്റി | 9447378103 |
| 10. | നാസിം ഖിദ്മതെ-ഖൽഖ് | ജ: ഫിറോസ് മട്ടന്നൂർ | 9447068947 |
| 11. | നാസിം അത്ഫാൽ | ജ: ഉണ്ണീൻ മുറിയക്കണ്ണി | 9447938363 |
| 12. | നാസിം ഉമൂമി | ജ: ടി. ശറഫുദ്ദീൻ കണ്ണൂർ സിറ്റി | 9447449102 |
| 13. | നാസിം തഹ്രീഖെ-ജദീദ് | ജ:. ടി.കെ. സുൽത്താൻ കരുളായി | 9447385246 |
| 14. | നാസിം വഖാറെ അമൽ | ജ: അൽതാഫ് വടകര | 9846386705 |
| 15. | നാസിം സൻഅത്-തിജാറത്ത് | ജ: എം.കെ. മുഹമ്മദ് അശ്റഫ് | 9895828882 |
| 16. | നാസിം സിഹത്തെ ജിസ്മാനി | ജ: മുസഫ്ഫർ അഹ്മദ് മാത്തോട്ടം | 9847994440 |
| 17. | മുഹാസിബ് | ജ: സി.വി. അഹ്മദ് സജിദ് കോഴിക്കോട് | 9388990992 |
| 18. | നാസിം തർബിയത്ത് നൗ മുബയീൻ | ജ: ഗുലാം അഹ്മദ് കാവശ്ശേരി | |
| 19. | നാസിം ഉമൂറെ ത്വലാബാ | ജ: ഷാജിർ അഹ്മദ് കണ്ണൂർ ടൗൺ | 9895271909 |
| 20. | നാസിം വഖ്ഫെ ജദീദ് | ജ: അബ്ദുൽ ഗഫൂർ മഞ്ചേരി | |

## ഖുർആൻ

അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചും തങ്ങളുടെ ആത്മാക്കളെ ദൃഢപ്പെടുത്തുന്നതിനും ധനം ചെലവു ചെയ്യുന്നവരുടെ നില പീഠഭൂമിയിലുള്ള ഒരു തോട്ടത്തിന്റെ സ്ഥിതിപോലെയാണ്. അതിന് പേമാരി ലഭിച്ചു. അങ്ങനെ അത് അതിന്റെ ഫലം ഇരട്ടിയായി നൽകി. ഇനി പേമാരി ലഭിച്ചില്ലെങ്കിൽ ലഘുവായ മഴയായാലും (അതിനു മതിയാവും). അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് കണ്ടുകൊണ്ടിരിക്കുന്നവനാണ്. (*2:266*)

## നബിവചനം

തിരുനബി(സ) ഇങ്ങനെ അരുൾ ചെയ്തതായി ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. "ഉദാരമനസ്കനായൊരു വ്യക്തി അല്ലാഹുവുമായി അടുത്തവനാണ്. ജനങ്ങളുമായി അടുത്തവനാണ്. സ്വർഗ്ഗവുമായി അടുത്തവനാണ്. എന്നാൽ നരകത്തിൽനിന്നും ദൂരസ്ഥനാണ്. നേരെ മറിച്ച്, ഒരു ലുബ്ധൻ അല്ലാഹുവിൽനിന്നും ദൂരസ്ഥനാണ്. മനുഷ്യരിൽനിന്നും ദൂരസ്ഥനാണ്. സ്വർഗ്ഗത്തിൽനിന്നും ദൂരസ്ഥനാണ്. പക്ഷേ, നരകവുമായി അടുത്തവനാണ്. ഉദാരമതിയായ അജ്ഞൻ ലുബ്ധനായ ആരാധകനെക്കാൾ അല്ലാഹുവിനും പ്രിയങ്കരനാണ്. (*രിസാലഖുശരിയ്യ*)

## യുഗശബ്ദം



നിശ്ചയദാർഢ്യത്തോടെ പൂർണ്ണമായും പ്രവർത്തനത്തിൽ വരുന്നതുവരെ ബയ്അത്ത് നിബന്ധനകൾ നാവിനാൽ ഉച്ചരിച്ചതുകൊണ്ടുമാത്രമായില്ല. ആർ എന്റെ ഉപദേശങ്ങളനുസരിച്ച് പൂർണ്ണനിലയിൽ ചരിക്കുന്നുവോ അവനെന്റെ ഭവനത്തിൽ പ്രവേശിക്കുന്നു. അതിനെ സംബന്ധിച്ച് എനിക്കുണ്ടായ വെളിപാടുകളിൽ ഒരു വാഗ്ദത്തം ഉണ്ട്. "ആ ഭവനത്തിൽ ഉള്ളവരെയെല്ലാം ഞാൻ സംരക്ഷിക്കും" എന്നതാണ് ആ വാഗ്ദാനം. എന്റെ അധീനത്തിൽപ്പെട്ട ഇഷ്ടികകൾകൊണ്ട് പടുത്ത ഭവനത്തിൽ താമസിക്കുന്നവരാണ് എന്റെ ഭവനത്തിലെ നിവാസികളെന്ന് നിങ്ങൾ കരുതേണ്ട. എന്നെ പരിപൂർണ്ണമായും പിന്തുടരുന്ന എന്റെ ആത്മീയഭവനത്തിൽ പ്രവേശിച്ചവരും എന്റെ ഭവന നിവാസികൾതന്നെ. എന്നെ പിന്തുടരുന്നവർ സർവ്വശക്തനും നിരാശ്രയനും സർവ്വസ്രഷ്ടാവുമായ ഒരു ദൈവം അവർക്കുണ്ടെന്നും അവന്റെ ഗുണങ്ങൾ നിത്യമായതും മാറ്റമില്ലാത്തവയും ആണെന്ന് വിശ്വസിക്കണം. അവന് പിതാവോ പുത്രനോ ഇല്ല. അവൻ കഷ്ടതയനുഭവിക്കുന്നവനോ കുരിശിൽ തറയ്ക്കപ്പെടുന്നവനോ അല്ല. അവൻ അത്യന്ത്യവിഷ്ടനെങ്കിലും അതീവസമീപസ്ഥനുമത്രെ. അവൻ അടുത്തുള്ളവനെങ്കിലും വളരെ അകലെയുള്ളവനുമാകുന്നു. അവൻ ഏകനാകുന്നു. എങ്കിലും അവന് അനേകം ഭിന്നഭാവങ്ങളുണ്ട്. അങ്ങനെ സ്വയം പരിവർത്തനമുണ്ടാക്കുന്ന ഒരുവൻ ദൈവത്തിലും ഒരു പരിവർത്തനം അനുഭവിച്ചറിയുന്നു. എങ്കിലും അവനിൽ യാതൊരു മാറ്റവും സംഭവിക്കുന്നില്ലതാനും. എന്തെന്നാൽ, അവൻ എന്നും ഒരുപോലെയുള്ളവനും, മാറ്റമില്ലാത്തവനും, പരിപൂർണ്ണനുമാകുന്നു. എന്നാൽ, ഒരാൾ നന്മയിലേക്ക് ചരിച്ചുതുടങ്ങുമ്പോൾ ദൈവം പുതിയൊരു ഭാവത്തിൽ സ്വയം അയാളിൽ വെളിപ്പെടുന്നു. ഒരു വ്യക്തിയിൽ സ്വയം വെളിപ്പെടുന്ന നന്മയുടേതായ ഓരോ അവസ്ഥയിലും സർവ്വശക്തനായ ദൈവവും കൂടുതൽ നന്മയുടേതായ ഭാവത്തിൽ സ്വയം വെളിപ്പെടുന്നു. ഒരു മനുഷ്യൻ തന്നിൽ അസാധാരണമായ മാറ്റം വരുത്തുമ്പോൾ ദൈവം തന്റെ സർവ്വശക്തിത്വത്തെ അനിതരസാധാരണമായ രീതിയിൽ വെളിപ്പെടുത്തുന്നു. അസാധാരണ സംഭവങ്ങളുടേയും, അത്ഭുതദൃഷ്ടാന്തങ്ങളുടേയും അടിവേര് ഇതുതന്നെയാകുന്നു. നമ്മുടെ പ്രസ്ഥാനം അവതരിപ്പിച്ചുകാട്ടുന്ന ദൈവം ഇതാകുന്നു.

(*കിശ്ത്തിനൂഹ്*)

### എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ചു

ശൗക്കത്തലി ബി.എം. ചീഫ് എഡിറ്ററായും ശംസുദ്ദീൻ.ടി എഡിറ്ററായും ആശിഖ്.ടി, ഷാജിർ അഹ്മദ് എന്നിവർ അംഗങ്ങളായും അൽഹഖ് എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ചതായി ഇലാഖ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് അറിയിച്ചു.

# നമസ്കാരം ഭംഗിയായി അനുഷ്ഠിക്കുക

## ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്

നിസ്കാരം ഭംഗിയായി അനുഷ്ഠിക്കുന്നതിനെ സംബന്ധിച്ചുള്ള ഒരു പ്രധാനപ്പെട്ട കാര്യം, കൃത്യസമയത്തു നിസ്കരിക്കുക എന്നതാണ്. കൃത്യസമയത്ത് നിസ്കരിക്കണമെന്ന ബോധവും ശീലവും, മുഅ്മിനായ ദാസൻ നിസ്കാരം ഭംഗിയായി നിസ്കരിക്കാൻ ആഗ്രഹിക്കുന്നുവെന്നതിന് തെളിവാണ്. നിസ്കാരം കൃത്യസമയത്ത് നിസ്കരിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: ***ഇന്നസ്സ്വലാത്ത കാനത് അലൽമുഅ്മിനീന കിതാബൻ മ്മൗഖൂത്താ.***

നിശ്ചയമായും നിസ്കാരം സത്യവിശ്വാസികൾക്ക് സമയ നിർണയം ചെയ്യപ്പെട്ട ഒരു നിർബന്ധകൃത്യമാകുന്നു. (*4:104*)

അഞ്ചുനേര നിസ്കാരമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഓരോ നേരത്തിനും ഓരോ പ്രാധാന്യമുണ്ട്. ഇക്കാലഘട്ടത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് നമുക്കു പറഞ്ഞുതന്നു. അല്ലാഹു നിശ്ചയിച്ചിട്ടുള്ള അഞ്ചുനേരം എന്തു പ്രാധാന്യമുൾക്കൊള്ളുന്നതാണെന്നും അവിടന്ന് വിവരിച്ചുതന്നു. മനുഷ്യന്റെ ജീവിതം സ്ഥിരം വിപത്തുകളിലും നാശങ്ങളിലും വീണുകിടക്കുകയാണ്. ശയ്ത്വാൻ ഏതുസമയവും ആക്രമണം നടത്താൻ തയ്യാറായിനില്ക്കുന്നു. മനുഷ്യന്റെ ജീവിതത്തിൽ വിവിധ ധാരണകളും വിചാരങ്ങളും ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. അതുകൊണ്ട് ഈ നാശങ്ങളിൽനിന്നും വിപത്തുകളിൽനിന്നും രക്ഷപ്പെടാനായി, ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് സുരക്ഷിതരാകുന്നതിനുവേണ്ടി, ദിവസത്തിന്റെ അഞ്ചുനേരങ്ങളിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകാൻ അല്ലാഹു കല്പിച്ചിരിക്കുന്നു. നേരത്ത് നിസ്കരിക്കുന്ന കാരണത്താൽ, ഈ ആക്രമണങ്ങളിൽ നിന്ന് മനുഷ്യൻ സുരക്ഷിതനായിരിക്കുന്നതോടൊപ്പം ആത്മീയതയിലുണ്ടാകുന്ന അഭിവൃദ്ധി കാരണത്താൽ അവൻ ദൈവസാമീപ്യം പ്രാപിക്കുന്നവനുമായിത്തീരും. അതുകൊണ്ട് ഓരോ അഹ്മദിയും കൃത്യനേരത്തു തന്നെ നിസ്കാരം അനുഷ്ഠിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അത് പാലിക്കേണ്ടതാണ്.

ഇക്കാലഘട്ടത്തിൽ എല്ലാ ഭാഗത്തും ഭൗതികത തിമിർത്താടുകയാണ്. അപ്പോൾ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടത് കൂടുതൽ ആവശ്യമായിരിക്കുന്നു. ശയ്ത്വാൻ പുതിയ രീതികളിൽ ആക്രമണം നടത്തി അല്ലാഹുവിനെ ആരാധിക്കുന്നതിൽ നിന്ന് മനുഷ്യനെ അകറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. നീ ഇപ്പോൾ ഇന്ന കാര്യം ചെയ്തില്ലെങ്കിൽ നിനക്ക് നഷ്ടമുണ്ടാകുമെന്ന് പറഞ്ഞ് മനസ്സിൽ ദുർമന്ത്രണം ചെയ്യുന്നു. അതുകൊണ്ട് നിസ്കാരത്തിന് ഇനിയും സമയമുണ്ട് ആദ്യം ആ ജോലി ചെയ്യുക എന്നു മന്ത്രിക്കുന്നു. പിന്നീട് ജംആക്കി നിസ്കരിച്ചാൽ മതിയെന്ന് ഓതുന്നു. ഓരോ കാലഘട്ടത്തിലും ശയ്ത്വാൻ വിവിധ രീതിയിൽ ആക്രമണം നടത്തുമെന്ന് അല്ലാഹുവിന്നറിയാം. ഓരോ കാലഘട്ടത്തിലും മനുഷ്യന്റെ തിരക്ക് വിവിധങ്ങളാകുമെന്നും അവനറിയാം. അതുകൊണ്ടാണ് പറഞ്ഞത്, നിങ്ങളുടെ അലസതയും ജോലിത്തിരക്കും കാരണത്താൽ ഏതെങ്കിലും നിസ്കാരം കൃത്യനേരത്ത് നിസ്കരിക്കാൻ കഴിയുന്നില്ലെങ്കിൽ ആ നിസ്കാരം കൃത്യസമയത്തു നിസ്കരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക എന്ന്. കാരണം ഒരു നിസ്കാരത്തിലുള്ള അശ്രദ്ധ പതുക്കെപ്പതുക്കെ മറ്റു നിസ്കാരങ്ങളിൽനിന്നും നിങ്ങളെ അശ്രദ്ധരാക്കും. പറഞ്ഞു: ***ഹാഫിളൂ അലസ്സ്വലവാത്തി വസ്സ്വലാത്തിൽ വുസ്ത്വാ*** എല്ലാ നിസ്കാരങ്ങളും പ്രത്യേകിച്ച് ഇടയ്ക്കുവരുന്ന നിസ്കാരവും നിങ്ങൾ സസൂക്ഷ്മം നിലനിർത്തുക. (2:239) ഇന്ന നിസ്കാരത്തെ പ്രത്യേകം സംരക്ഷിക്കുക എന്നു പറഞ്ഞില്ല. ഇടയ്ക്കുള്ള നിസ്കാരത്തിന്റെ നിർവചനവും വിവിധ ആളുകൾക്ക് വിവിധ രീതിയിലാണ്. നിസ്കാരത്തേക്കാൾ പ്രാധാന്യം മറ്റുള്ള കാര്യത്തിനാണെന്ന് തോന്നുന്ന നേരത്തുവരുന്ന നിസ്കാരമാണ് ഇടയ്ക്കുള്ള നിസ്കാരം. മറ്റു കാര്യങ്ങളെ പിമ്പുറം തള്ളിക്കൊണ്ട് അല്ലാഹുവിനുവേണ്ടിയുള്ള ആരാധനയ്ക്ക് മറ്റുള്ള കാര്യങ്ങളേക്കാൾ മുൻഗണന നല്കുമ്പോൾ അല്ലാഹു അത്തരം ആരാധകരുടെ ആവശ്യങ്ങൾ അവർ ചിന്തിക്കാത്ത വഴിയിലൂടെ അവർക്ക് പൂർത്തിയാക്കിക്കൊടുക്കും. ഇതും അല്ലാഹുവിന്റെ വാഗ്ദാനമാണ്. പ്രതിഫലം നല്കാതെ ഒരു നന്മയും അല്ലാഹു വിട്ടുകളയുകയില്ല. ഇഹലോക അനുഗ്രഹങ്ങൾകൊണ്ടും അവൻ അവരെ കടാക്ഷിക്കുന്നു. നിസ്കാരം ഭംഗിയാകുന്നത് ജമാഅത്തോടുകൂടി അത് അനുഷ്ഠിക്കുമ്പോഴാണ്. കാരണം ഒരു മുഅ്മിന് ജമാഅത്തായിട്ടുള്ള നിസ്കാരം നിർബന്ധമാണ്. നിസ്കാരം നിലനിർത്തുകയും അത് അതിന്റെ എല്ലാ നിബന്ധനയോടുംകൂടി അനുഷ്ഠിക്കുകയും ചെയ്യുക എന്നത് വിശുദ്ധഖുർആന്റെ കല്പനയാണ്. നബി(സ) തിരുമേനി ഈ നിബന്ധന നിറവേറ്റാനുള്ള സുന്നത്ത് നമുക്ക് കാണിച്ചുതന്നത് പള്ളിയിൽ പോയി അത് നിർവഹിച്ചുകൊണ്ടാണ്. ജമാഅത്തായിട്ടുള്ള നിസ്കാരത്തിലേക്ക് നമുക്ക് പ്രചോദനം നല്കിക്കൊണ്ട് നബി (സ) തിരുമേനി പറയുന്നു: ജമാഅത്ത് നിസ്കാരത്തിന് ഒറ്റയ്ക്ക് നിസ്കരിക്കുന്നതിനേക്കാൾ ഇരുപത്തിയേഴിരട്ടി പുണ്യമുണ്ട്. ഒരിക്കൽ ഒരന്ധൻ നബി തിരുമേനിയുടെ അടുക്കൽ വന്നു. വഴിതെറ്റിപ്പോകുന്ന കാരണത്താൽ തനിക്ക് പള്ളിയിൽ നിസ്കരിക്കാൻ വരാൻ പ്രയാസമുണ്ടെന്നറിയിച്ചു. അതുകൊണ്ട് വീട്ടിൽ നിസ്കരിച്ചാൽ മതിയോ എന്നും ചോദിച്ചു. ആദ്യം അവിടന്ന് അത് അനുവദിച്ചു. പിന്നീട് പറഞ്ഞു. താങ്കൾ ബാങ്കിന്റെ ശബ്ദം കേൾക്കാറുണ്ടോ? ഉണ്ടെന്നയാൾ പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു. എന്നാൽ, താങ്കൾ പള്ളിയിൽ വന്ന് നിസ്കരിക്കുക എന്നതാണ് അതിനുള്ള മറുപടി. (*14.4.06-ലെ ജുമുഅ ഖുത്ബയിൽനിന്ന്*)

(*5-ാം പേജിൽനിന്ന്*)

നിപ്പിക്കാനുണ്ടായ കാരണം എന്തെല്ലാമാണ്

3. എത്ര ശതമാനം ഖാദിംകൾ മെട്രിക്ക് പൂർത്തിയാക്കിയിട്ടുണ്ട്
4. മെട്രിക്കിന് ശേഷം എത്ര ഖാദിംമീങ്ങൾ എന്തെല്ലാം ജോലി പഠിക്കുന്നവരായിയുണ്ട് അവർ എന്തെല്ലാം ജോലിയാണ് പഠിച്ചുകൊണ്ടിരിക്കുന്നത്.
5. എത്ര ഖുദ്ദാം മെട്രിക്കിന് ശേഷം തുടർ വിദ്യാഭ്യാസം നടത്തുന്നവരായുണ്ട്. ഏത് ലൈനിലാണ് അവർ പഠിച്ച്കൊണ്ടിരിക്കുന്നത്.
6. മെട്രിക്കിന് ശേഷം തുടർ വിദ്യാഭ്യാസം നടത്താത്തവരും ഒരു ജോലിയും അഭ്യസിക്കാത്തവരുമായി വല്ല ഖാദിമീങ്ങളും ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ് ദാരിദ്ര്യമാണോ സാമ്പത്തിക ബുദ്ധിമുട്ടാണോ അല്ലെങ്കിൽ മറ്റ് വല്ല കാരണവുമാണോ
7. യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നവർ ജമാഅത്തുമായി എത്ര ബന്ധപ്പെടുന്നു എന്ന കാര്യം അവലോകനം ചെയ്യുക. അവരെ ജമാഅത്തിന്റെ ഭാഗവാക്കാക്കുക.
8. വലിയ പട്ടണങ്ങളിൽ അധിക വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റിയിലും കോളേജുകളിലും ഉണ്ടെങ്കിൽ അവിടെ അഹ്മദിയ്യാ സ്റ്റ്യൂഡന്റ്സ് അസോസിയേഷൻ സ്ഥാപിക്കുക. അവിടെ തർബിയ്യത്ത്, ജൽസ, സെമിനാർ തുടങ്ങിയ പ്രോഗ്രാമുകൾ ആവിഷ്കരിക്കുക. വിവിധ പ്രോഗ്രാമുകൾ ഓർഗനൈസ് ചെയ്യുക. അനഹ്മദികളെയും ക്ഷണിക്കുക. തൻമൂലം അവരുമായുള്ള ബന്ധം പുലർത്തുന്നതിനും ജമാഅത്തിനെ പരിചയപ്പെടുത്തുവാനും സാധിക്കുന്നതാണ്.

**ശുഅ്ബ സൻഅത്തോ തിജാറത്ത്**

1. സൻഅത്തോ തിജാറത്ത് സംബന്ധമായി താങ്കൾ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചത്, ഫാക്ടറികൾ വല്ലതും ആരംഭിക്കുന്നുണ്ടോ
2. കമ്പ്യൂട്ടർ പോലുള്ള വിവിധ സാമഗ്രികളും മറ്റ് കരകൗശല വസ്തുക്കളിലും അത്പോലെതന്നെ കച്ചവടകാര്യങ്ങളിലും അഭിരുചിയുള്ള ഖാദിമീങ്ങളെ പുറത്ത് കൊണ്ട് വന്ന് വിവിധ വസ്തുക്കൾ നിർമ്മിച്ച് അതിന്റെ പ്രദർശനം നടത്തേണ്ടതാണ്.
3. ഈ വകുപ്പുമായി ബന്ധപ്പെട്ട മറ്റ് പല പ്രവർത്തനങ്ങളും നടത്താൻ സാധിക്കുന്നതാണ്.

**ശുഅ്ബ തർബിയത്ത്**

1. സാങ്കേതികമായി നവഅഹ്മദികൾ എന്നാൽ ബയ്അത്ത് ചെയ്ത് മൂന്ന് വർഷം വരെ ഉള്ളവരാണ് 841 മജ്ലിസുകൾ എല്ലാംതന്നെ പഴയ മജ്ലിസുകളാണ്. അവരുടെയെല്ലാം തർബിയത്തിനുള്ള ഉത്തരവാദിത്വം ഈ വകുപ്പിനാണ്. കഴിഞ്ഞ മൂന്ന്വർഷങ്ങളിൽ നടന്ന ബയ്അത്തുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തർബിയത്ത് നൗ മുബായീന്റെ ചുമതലയിലാണ്.
2. എത്ര ശതമാനം ഖാദിംകൾ കൃത്യമായി 5 നേരം നമസ്കാരം അനുഷ്ഠിക്കുന്നവരായിയുണ്ട്? എത്ര പേർ പള്ളികളിൽ നമസ്കരിക്കുന്നു? എത്ര പേർ വീടുകളിൽ നമസ്കരിക്കുന്നു കൃത്യമായ കണക്കെടുക്കുക?
3. എത്ര ഖാദിംകൾ വിശുദ്ധഖുർആൻ കൃത്യമായി പാരായണം ചെയ്യുന്നവരായിട്ടുണ്ട്
4. വസിയത്ത് പദ്ധതിയിൽ എത്ര ഖാദിംകൾ പങ്കെടുത്തിട്ടുണ്ട്. കൃത്യമായ എണ്ണം എടുക്കുക
5. വിശുദ്ധഖുർആൻ ക്ലാസ്സുകളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക
6. തർബിയത്തിനായുള്ള പര്യടനം നടത്തുക
7. ജമാഅത്തിന്റെയും നാട്ടിലെയും പത്രങ്ങളിൽ തർബിയ്യത്തീപരമായ ലേഖനങ്ങൾ കൊടുക്കുക
8. നമസ്കാരം അർത്ഥത്തോടുകൂടിയും അല്ലാതെയും അറിയാവുന്നവർ എത്ര ഖാദിംകളുണ്ട്. വിശുദ്ധഖുർആൻ നോക്കി ഓതാൻ അറിയുന്നവരും തർജ്ജമ അറിയുന്നവരും എത്ര ഖാദിംകളുണ്ട്

**ശുഅ്ബ മുഹാസിബ്**

1. ജമാഅത്തിന്റെ സ്വത്തുക്കളെ സംരക്ഷിക്കുക.
2. അനാവശ്യ ചെലവുകൾ തടയുക.
3. മിച്ചം വെക്കാനുള്ള ബോധം വളർത്തുക

ഈ യോഗത്തിൽ ഹുസൂർ തിരുമനസ്സ് താഴെ പറയുന്ന കാര്യങ്ങൾ കൂടി പ്രത്യേകം പറഞ്ഞിരിക്കുന്നു

(*ശേഷം 8-ാം പേജിൽ*)

# ബെർലിനിൽ അഹ്മദിയ്യാ പള്ളി നിർമ്മാണത്തിന് എതിർപ്പ്

ജർമ്മനി: ഏപ്രിൽ 22, 2006. ജർമ്മനിയിലെ ഈസ്റ്റ് ബെർലിൻ പ്രദേശത്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വകയായി ഒരു പള്ളി നിർമ്മിക്കാനുള്ള തീരുമാനത്തിനെതിരായി സമീപ വാസികൾ രംഗത്തെത്തി. അഹ്മദിയ്യാ മുസ്‌ലിം വിഭാഗവും ഇതര മുസ്‌ലിംവിഭാഗങ്ങളും തമ്മിലുള്ള വ്യത്യാസം ഈ പ്രദേശത്തുകാർക്കറിയില്ല. ദൃശ്യമാധ്യമങ്ങളിലൂടെ വാർത്തകളും ചിത്രങ്ങളും കാണുന്ന ഈ പ്രദേശത്തുകാർ എല്ലാ മുസ്‌ലിംകളും ഭീകരവാദികളും ചാവേർ ബോംബു വാഹകരുമാണെന്നാണ് ധരിച്ചുവച്ചിരിക്കുന്നത്. ഈ കാരണം കൊണ്ടുതന്നെയാണ് ഈസ്റ്റ്ബെർലിൻ നിവാസികൾ പള്ളി ഉയരുന്നതിനെ എതിർക്കുന്നത്.

ബെർലിനിൽ അഹ്മദിയ്യാ ജമാഅത്തിൽ 200 അംഗങ്ങളുണ്ടെന്നും അവരൊക്കെതന്നെ തീവ്രവാദപ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നവരാണെന്നും ആയതിനാൽ ഈ എതിർപ്പിന് യാതൊരു അടിസ്ഥാനവുമില്ലെന്നും ഇമാം അബ്ദുൽ ബാസിത് താരീഖ് പറഞ്ഞു. ഏതായാലും ജമാഅത്തിന്റെ നിരന്തരമായ പ്രവർത്തനഫലമായി ജനങ്ങൾക്ക് അഹ്മദിയ്യാ ജമാഅത്തിനെ മനസ്സിലാക്കാനും അതുവഴി എതിർപ്പ് കുറക്കാനും സാധിച്ചിട്ടുണ്ട്. മിനാരത്തോടുകൂടിയ ഈ ഇരുനില കെട്ടിടം എല്ലാ സന്ദർശകർക്കും തുറന്നുകൊടുക്കുന്നതാണെന്ന് അഹ്മദിയ്യാ വക്താവ് പറഞ്ഞു. ഈ എതിർപ്പ് കാരണം ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ പഠിക്കാൻ ഇവിടത്തെ തദ്ദേശീയർ തയ്യാറായിട്ടുണ്ട്.



ജപ്പാനിലെ അഹ്മദിയ്യാ മുസ്‌ലിം സെന്റർ

# ചരിത്രത്താളുകളിൽ......

–നിഷാൻ അഹമ്മദ്.ബി

ചരിത്രത്തിന്റെ അദ്ധ്യായങ്ങൾ- വർഷങ്ങളുടെ ആ മാന്ത്രികവിസ്മയം. പുസ്തകത്താളുകളിൽ കണ്ട് വെറും നിമിഷങ്ങൾകൊണ്ട് വർഷങ്ങളാകുന്ന താളുകൾ മറിച്ചുനീക്കി. ഗാന്ധിജി, ഹിറ്റ്ലർ, ഐൻസ്റ്റൈൻ അങ്ങനെ പലരും എന്റെ കണ്ണുകളിൽ മിന്നിമറഞ്ഞു. സത്യവും അഹിംസയും സ്വേച്ഛാധിപത്യവും മഹത്തായ കണ്ടുപിടുത്തങ്ങളും ഇവരുടെ സംഭാവനകളാണ്- വ്യത്യസ്തങ്ങളായ മൂന്ന് വ്യക്തിത്വങ്ങൾ.... ഞാൻ പുസ്തകം അടച്ചുവെച്ചു. എന്റെ കണ്ണുകളടയുകയാണ്. എനിക്കെന്താണ് സംഭവിക്കുന്നത്? ഇപ്പോൾ ഞാനൊരു പക്ഷിയെപ്പോലെ പറുന്നടക്കുകയാണ്! എങ്ങോട്ട്? ഒരു നിശ്ചയവുമില്ല. അങ്ങനെ പോയി പോയി ഞാൻ കാടുകളും, മലകളും, പുഴകളും താണ്ടി.... അങ്ങ് ദൂരെ വിജനമായ ഒരു സ്ഥലത്ത്... ഒരു കവാടത്തിന്റെ മുന്നിലെത്തി.

ആദ്യം ഞാൻ കേട്ടത് ഒരട്ടഹാസമാണ്. ഒരിരുണ്ട കോണിൽ അവ്യക്തമായ ഒരു രൂപം എന്ത്? അത്.. ഹിറ്റ്ലറല്ലേ? അയാൾ സന്തുഷ്ടനാണ്. ഇന്നത്തെ ലോകം യുദ്ധങ്ങളും, ബോംബുകളും കൊണ്ട് നിറഞ്ഞുകാണുമ്പോൾ ആ മനുഷ്യൻ പൊട്ടിച്ചിരിക്കുന്നു. എത്രപേരെ കൊന്നൊടുക്കിയിട്ടും ഒടുവിൽ അയാൾക്ക് ആത്മഹത്യ ചെയ്യേണ്ടിവന്നില്ലേ? എന്നിട്ടും പശ്ചാത്താപം ഒരു തരിപോലും ആ മനുഷ്യനെ ബാധിച്ചിട്ടില്ല.

ഇപ്പോൾ വെളിച്ചം വന്നു തുടങ്ങി. ആ വെളിച്ചത്തിൽ ഞാൻ ഗാന്ധിജിയെ കണ്ടു. അദ്ദേഹം ദുഃഖിതനാണ്. ആ യോഗിയിൽനിന്നും പുറത്തുവന്നത് ദുഃഖത്തിന്റെ പ്രതിഫലനമാണ്. 'എന്റെ ഭാരതം, എന്റെ മണ്ണ്, സ്വാതന്ത്രയായിട്ടും നിന്നെ ആളുകൾ മോചിപ്പിക്കുന്നില്ലല്ലോ? ഞാൻ അവിടെയുണ്ടായിരുന്നെങ്കിൽ സ്വയം കുത്തി മരിക്കുമായിരുന്നു.നന്ദി...നന്ദി... നാഥുറാം.' ഞാൻ ചിന്തിച്ചു ആത്മാവുകൾക്ക് മരണമുണ്ടോ?

മറ്റൊരു മുറിയിൽ ഞാൻ മഹാനായ ആ ശാസ്ത്രജ്ഞൻ ഇരിക്കുന്നത് കണ്ടു. അദ്ദേഹം ഒന്നുംപറയുന്നില്ല. എന്നാൽ തന്റെ കണ്ടുപിടിത്തങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നതിൽ അദ്ദേഹം അസ്വസ്ഥനാണ്.

സന്തോഷം, ദുഃഖം, അസ്വസ്ഥത... മൂന്നു വ്യക്തിത്വങ്ങളുടെ മൂന്ന് വികാരങ്ങൾ! പക്ഷേ, ഇവരെ ഞാനെങ്ങനെ കാണുന്നു? ഞാനും മരിച്ചുപോയോ? എനിക്കൊന്നും മനസ്സിലായില്ല. പുൽമേടുകളുടെ മുകളിലൂടെ ഞാൻ സ്വപ്നത്തിലാണോ? പക്ഷേ, എന്റെ അടഞ്ഞകണ്ണുകൾ തുറക്കുന്നില്ലല്ലോ. ഇപ്പോൾ എന്റെ മുന്നിൽ അനന്ത വിശാലമായ ആകാശമാണ്.. ഇനിയെങ്ങോട്ട്?

# പിന്നിട്ട നാളുകൾ

**അഹ്മദിയ്യാ ജമാഅത്തിലേക്ക് ബൈഅത്ത് ചെയ്തു വന്നവരുടേയും ജന്മനാൽ അഹ്മദിയായ പഴയകാല വ്യക്തികളുടേയും ജീവിതാനുഭവങ്ങൾ അവരുടെതന്നെ സ്വന്തം വാക്കുകളിൽ യുവതലമുറയ്ക്ക് പ്രോത്സാഹനമാകുന്നതിന്നായി വിവരിച്ചുകൊണ്ടുള്ള ഒരു പംക്തി 'പിന്നിട്ട നാളുകൾ' എന്ന പേരിൽ ഞങ്ങൾ ഈ ലക്കം മുതൽ ആരംഭിക്കുകയാണ്.**

ഇപ്പോൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കണ്ണൂർമേഖലാ അമീറായി പ്രവർത്തിക്കുന്ന ജ:എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് കണ്ണൂരിലെ ഒരു മുസ്‌ലിം കേന്ദ്രമായ മാട്ടൂലിൽനിന്നും ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ച വ്യക്തിയാണ്. അനുഭാവിയായിരിക്കുമ്പോൾ കടുത്ത എതിർപ്പുകൾ നേരിടുകയും ബൈഅത്ത് ചെയ്തതിനു ശേഷം എതിർപ്പുകൾ കുറയുകയും ചെയ്ത ഒരു വിചിത്ര അനുഭവമാണ് അദ്ദേഹത്തിനുള്ളത്. ജ:കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് ജമാഅത്തിലെത്തിച്ചേർന്ന സംഭവങ്ങൾ സ്വന്തം വാക്കുകളിൽ വിവരിക്കുന്നു.

1962 സെപ്തംബർ 12–ന് പഴയങ്ങാടിയിൽ വെച്ചാണ് ഞാൻ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുന്നത്. അതിനായി ഓണം അവധികാലത്ത് ഇരിട്ടിക്കപ്പുറമുള്ള വിദ്യാലയത്തിൽനിന്നും പഴയങ്ങാടിയിൽ എത്തിച്ചേരുകയായിരുന്നു. ഞാൻ ജമാഅത്തിൽ പ്രവേശിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്ന് എന്റെ മാതാവ് എന്നെ ചെറുപ്രായത്തിൽതന്നെ ഖുർആനുമായി ബന്ധപ്പെടുത്തിയെന്നതാണ്. വിശുദ്ധഖുർആനുമായി ചെറുപ്പം മുതൽതന്നെ എനിക്കുണ്ടായ ബന്ധം എന്റെ പിൽക്കാലജീവിതത്തിൽ ഒരു പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

ജമാഅത്തുമായി അടുപ്പിക്കാൻ എന്നിൽ ബീജാപാപം നടത്തിയ മറ്റൊരു വ്യക്തി മർഹൂം വി. മുഹമ്മദ് സാഹിബ് ബി.എ, ബി.ടി ആയിരുന്നു. അദ്ദേഹം എന്റെ ഒരു അദ്ധ്യാപകനാണ്. വി. മുഹമ്മദ് സാഹിബ് ദീർഘകാലം തലശ്ശേരി ജമാഅത്തിന്റെ പ്രസിഡന്റായിരുന്നിട്ടുണ്ട്. ഞാൻ ഹൈസ്കൂൾ വിദ്യാഭ്യാസം തലശ്ശേരി മുബാറക്ക് ഹൈസ്കൂളിലാണ് പൂർത്തിയാക്കിയത്. അക്കാലഘട്ടത്തിൽ വി. മുഹമ്മദ് സാഹിബ് അവിടത്തെ ഒരദ്ധ്യാപകനായിരുന്നു. മുസ്‌ലിം അദ്ധ്യാപകനെന്ന നിലയിലും അദ്ദേഹത്തിന്റെ ജീവിതാകർഷണം കാരണമായും ഞാൻ അദ്ദേഹത്തിൽ ആകൃഷ്ടനായി. അന്നദ്ദേഹം അഹ്മദിയായിരുന്നില്ല. പിന്നീട് ടീച്ചർ ട്രെയിനിങ്ങ് കോഴ്സിനായി ഞാൻ തലശ്ശേരിയിലെ പാലയാട് സെന്ററിലെത്തിയപ്പോൾ മുഹമ്മദ് സാഹിബ് അവിടേക്ക് സ്ഥലം മാറിയെത്തിയിരുന്നു. എനിക്ക് ഏറെ പ്രിയപ്പെട്ട അദ്ധ്യാപകൻ അവിടെയുണ്ടെന്നറിഞ്ഞ ഞാൻ സന്തോഷവാനായി. അപ്പോഴേക്കും അദ്ദേഹം അഹ്മദിയായിക്കഴിഞ്ഞിരുന്നു. പക്ഷേ, എനിക്കതറിയില്ലായിരുന്നു. അവിടേയും ഞാനും മറ്റ് സഹപാഠികളും അദ്ദേഹത്തെ ബഹുമാനിച്ചു. ഞാനും എന്റെ മുസ്‌ലിം സഹപാഠികളും തൊട്ടടുത്ത പള്ളിയിലാണ് നമസ്ക്കാരത്തിനായി പോയ്ക്കൊണ്ടിരുന്നത്. മുഹമ്മദ് മാസ്റ്റർ പാലയാട് ട്രെയിനിങ്ങ് സെന്ററിലെ ഒരു കോണിൽ നമസ്കരിച്ചുപോന്നു. ദിവസങ്ങൾ കടന്നുപോയി. ഒരിക്കൽ ഞാൻ പോകാറുള്ള പള്ളിയിലെ മുക്രി എന്നെയും എന്റെ മുസ്‌ലിം സഹപാഠികളേയും വിളിച്ചു നിർത്തി ഒരു കാര്യം പറയാനുണ്ടെന്നറിയിച്ചു. ഞങ്ങൾ ശ്രവിക്കാനായി മുക്രിയുടെ ചുറ്റും കൂടി. മുക്രി ഇങ്ങനെ പറഞ്ഞു. "അവിടെ മുഹമ്മദ് എന്നൊരാളില്ലേ. അയാൾ ശരിയല്ല. അയാൾ ഖാദിയാനിയാണ്. അതാണ് അയാളിവിടെ വരാത്തത്. എനിക്കു സങ്കടമായി. ഏറെ ബഹുമാനിക്കുന്ന എന്റെ അദ്ധ്യാപകൻ മുസ്‌ലിമല്ലേ? ഞങ്ങൾക്ക് അദ്ദേഹത്തിന്റെ ക്ലാസ്സിലിരിക്കുമ്പോൾ ഒരുതരം മരവിപ്പ് അനുഭവപ്പെട്ടു. ഇതദ്ദേഹം ഞങ്ങളുടെ മുഖത്തുനിന്നും മനസ്സിലാക്കി. അദ്ദേഹം ഒന്നും പറഞ്ഞില്ല. പിന്നീടൊരു ദിവസം മുഹമ്മദ് മാസ്റ്റർ എന്നെ വിളിച്ചു നിർത്തി രണ്ടു ചോദ്യങ്ങൾ എന്റെ മനസ്സിലിട്ടുതന്നു. ഈസാനബി മരിച്ചത് ഇ.കെ. മൗലവി സമ്മതിച്ചിട്ടില്ലേ? കെ.എം. മൗലവി സമ്മതിച്ചിട്ടില്ലേ? സി.എൻ. അഹ്മദ് മൗലവി സമ്മതിച്ചിട്ടില്ലേ........?" ശ്രീകൃഷ്ണൻ നബിയാണെന്ന് ഇവർ സമ്മതിച്ചിട്ടില്ലേ? ഞാനാകെ അമ്പരന്നു. മാഷ് എന്നോടിതെന്തിന് പറയുന്നു. എനിക്കപ്പോൾ ഒന്നും മനസ്സിലായില്ല. ഞാനതപ്പോൾ മറന്നു. പക്ഷേ പിൽക്കാലത്ത് ഈ ചോദ്യങ്ങൾ എന്നെ സ്വാധീനിക്കുകതന്നെ ചെയ്തു.



25–ാം വയസ്സിൽ അദ്ധ്യാപകനായി ജോലി ലഭിക്കുന്നതോടെയാണ് എന്റെ ജീവിതം മാറ്റിമറിച്ച സംഭവങ്ങൾ വരുന്നത്. ഒരു മുസ്‌ലിം പ്രദേശമായ മോഗ്രാൽ പുതൂരിലെ ഗവർമ്മെന്റ് സ്കൂളിലാണ് എനിക്ക് നിയമനം ലഭിച്ചത്. പള്ളിയും മദ്രസയും ദർസുമൊക്കെയുള്ള പ്രദേശമാണത്. സ്കൂളിൽ ഏക മുസ്‌ലിം അദ്ധ്യാപകൻ മാത്രം. അത് ഞാനും. നമസ്കാരത്തിനും ജുമുആക്കും ഞാൻ കൃത്യതയോടെ അടുത്തുള്ള പള്ളിയിൽ പോകാനാരംഭിച്ചു. കൃത്യമായി നമസ്കാരത്തിനെത്തുന്ന എന്നെ നാട്ടുകാർക്ക് ഇഷ്ടമായി. അവരെന്നെ ഇമാമാക്കി നമസ്കരിച്ചു. ഒരുവർഷം കഴിഞ്ഞപ്പോൾ മറ്റൊരു മുസ്‌ലിം അദ്ധ്യാപകൻ അതേ സ്കൂളിലെത്തി. മൂസ മാസ്റ്റർ. അദ്ദേഹം അഹ്മദിയായിരുന്നു. പക്ഷേ, എനിക്കതറിയില്ല. ഒരു മുസ്‌ലിം സഹപ്രവർത്തകനെ കിട്ടിയതിൽ ഞാനതിയായി സന്തോഷിച്ചു. അന്നുതന്നെ ഞങ്ങൾ നല്ല സുഹൃത്തുക്കളായി. ആദ്യദിവസം വൈകുന്നേരം ഒന്നിച്ചു നടക്കാനിറങ്ങി. പകുതി ദൂരംവരെ ഞാൻ അദ്ദേഹത്തോടൊപ്പം നടന്നു. അന്ന് മൂസമാഷ് എന്നോട് ചോദിച്ചു. "എച്ച്.എ. മൗലവിയെ അറിയുമോ?" ഞാൻ മറുപടി പറഞ്ഞു. "അറിയില്ല. പക്ഷേ, കേട്ടിട്ടുണ്ട്." അദ്ദേഹത്തെ കാണാൻ ആഗ്രഹമുണ്ടോ?" അടുത്ത ചോദ്യം. 'ഉണ്ട്.' ഞാൻ പ്രതിവചിച്ചു. അങ്ങനെ അതേദിവസം എച്ച്.എ. മൗലവിയെ കാണാൻ ഞാൻ മൂസമാസ്റ്ററുടെ കൂടെ മോഗ്രാലിലേക്ക് നടന്നു. അമീറലി സാഹിബിന്റെ വീട്ടിലാണ് വലിയ മൗലവി സാഹിബ് ഉണ്ടായിരുന്നത്. ഞങ്ങൾ വീട്ടിലെത്തി. അവിടെ ഒരു മൂലയിൽ കോസടിയിൽ മൗലവി സാഹിബ് കിടക്കുന്നു. മെലിഞ്ഞ് താടിവച്ച ഒരാൾ. കുറേ സമയം അനങ്ങാതിരുന്നു. ഒടുവിൽ ഞാൻ മൗലവി സാഹിബിനോട് പലിശയെ സംബന്ധിച്ചും ലൈഫ് ഇൻഷൂറൻസിനെ കുറിച്ചും ചോദിച്ചു. അതിന് അദ്ദേഹം നൽകിയ മറുപടി എന്നെ ഏറെ ആകർഷിച്ചു. തിരിച്ചു പോരുമ്പോൾ അമീറലി സാഹിബ് എന്റെ നേരെ ഒരു പുസ്തകം നീട്ടിക്കൊണ്ട് പറഞ്ഞു. ഇതു വായിക്കണം. വായിച്ചതിനുശേഷം തിരിച്ചു തന്നാൽ മതി. ഞാനതു വാങ്ങി. 'ഇസ്‌ലാംമത സിദ്ധാന്തങ്ങൾ' എന്ന പുസ്തകമാണ് ലഭിച്ചത്. ഒറ്റയ്ക്ക് ഒരു മുറിയിൽ താമസിക്കുന്ന ഞാൻ അത് വായിക്കാൻ തുടങ്ങി. പകുതിയാകുമ്പോഴേക്കും എനിക്കൊരു കാര്യം മനസ്സിലായി. ഈ പ്രസ്ഥാനം സത്യമാണ്. ഉടനെ ഞാൻ ഡയറിയിൽ ഇങ്ങനെ കുറിച്ചിട്ടു. "അൽഹംദുലില്ലാഹ്". ഇതിനുശേഷം ഞാൻ ജുമുആ മോഗ്രാൽ ജമാഅത്തിലേക്കു മാറ്റി. ഞാൻ അഹ്മദിയായിരുന്നില്ല. രഹസ്യമായി ഞാൻ ജമാഅത്തുമായി ബന്ധപ്പെട്ടുപോന്നു. ക്രമേണ മോഗ്രാലിൽ എന്റെ ഈ മാറ്റം സംസാരവിഷയമായി. 1961 –ൽ അവിടെ ഒരു അഹ്മദിയ്യാ വിരുദ്ധയോഗം നടത്തപ്പെട്ടു. അതിനും മറ്റുമായി മോഗ്രാൽ ജമാഅത്ത് ഒരു നോട്ടീസിറക്കി. അതോടെ ജനം എനിക്കെതിരെ ശക്തമായി തിരിഞ്ഞു. എനിക്കു വാശിയായി. ഞാൻ താമസം മോഗ്രാലിലേക്ക് മാറ്റി. പിറ്റേദിവസം വെള്ളിയാഴ്ച പള്ളിയിൽ പോകുകയായിരുന്ന അഹ്മദികളെ ആക്രമിച്ചു പരിക്കേൽപ്പിച്ച സംഭവം എന്റെ വാശി ഇരട്ടിയാക്കി. മേൽസംഭവത്തോടെ എന്റെ നാടായ മാട്ടൂലിൽ വിവരമെത്തി. അവിടെ നിന്നും ബന്ധുക്കളും സുഹൃത്തുക്കളുമെത്തി എന്നെ ലീവെടുക്കാൻ നിർബന്ധിച്ചു. എനിക്ക് വഴങ്ങേണ്ടിവന്നു. അവരെന്നെ നാട്ടിലെത്തിച്ചു. നാട്ടിലെത്തിയ ഞാൻ ജമാഅത്തിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരുന്നു. എനിക്കെതിരായി ഒരു മുറിവൈദ്യൻ വിധിയെഴുതി. ഇത് കൈവിഷം തന്നെ. ഖാദിയാനികൾ ഭക്ഷണത്തിൽ എന്തോ നൽകിയിട്ടുണ്ട്. അയാളൊരു മരുന്നു നൽകി. പാലിനൊപ്പം ദിവസവും കഴിക്കാൻ നിർദ്ദേശിച്ചു. ഞാൻ എന്റെ വിഷമങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ അവതരിപ്പിച്ചു. തന്ത്രം പ്രയോഗിക്കാൻ ഞാൻ തീരുമാനിച്ചുറച്ചു. സംസാരം നിറുത്തി. ഒരു മാറ്റം വന്നതായി ഞാൻ നടിച്ചു. വീട്ടുകാർക്ക് സന്തോഷം. അവരെന്നെ വീണ്ടും സ്കൂളിലയച്ചു. മൂസമാസ്റ്ററോട് ഞാൻ കാര്യം പറഞ്ഞു. തൽക്കാലം മോഗ്രാലിൽ വരില്ലെന്നും അറിയിച്ചു. സ്ഥലം മാറ്റത്തിനായി അപേക്ഷ നൽകി ദുആ ചെയ്തു. ഒടുവിൽ സ്ഥലമാറ്റം. ഇരിട്ടിയിൽനിന്നും വളരെ അകലെയുള്ള ഒരു സ്കൂളിലേക്ക്. യാത്ര ദുഷ്കരമാണ്. എന്നിരുന്നാലും എനിക്ക് ആശ്വാസമായി. തൊട്ടടുത്ത ഓണം അവധിക്ക് പഴയങ്ങാടിയിലെത്തി ബൈഅത്ത് ചെയ്തു. പിന്നീടെനിക്ക് പഴയങ്ങാടിക്കടുത്ത കുഞ്ഞിമംഗലം സ്കൂളിലേക്ക് മാറ്റം കിട്ടി. എതിർപ്പുകൾ കുറഞ്ഞു. എന്നല്ല തീരെയില്ലാതായി. എന്റെ നാടായ മാട്ടൂലിലും എനിക്ക് പോകാമെന്നായി. എന്റെ സ്വന്തം അനുജനൊഴികെ മറ്റെല്ലാവരും എന്നെ സൽക്കരിക്കാനാരംഭിച്ചു. അനുജൻമാത്രം മരണംവരെ എന്നോട് മിണ്ടിയില്ല. അനുഭാവിയായിരിക്കുമ്പോൾ മാട്ടൂലിലെ തെരുവിലൂടെ നടക്കുന്ന എനിക്കുപിന്നിൽ കൂവിവിളിക്കുന്ന ഒരുകൂട്ടം കുട്ടികൾ കൂടുക പതിവായിരുന്നു. ■

# പാക്കിസ്ഥാനിലെ നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള കമ്മീഷൻ റിപ്പോർട്ട്

പാക്കിസ്ഥാനിലെ പത്രങ്ങളും ഇതര മാധ്യമങ്ങളും നടത്തുന്ന വിദ്വേഷജനകവും, സാംസ്കാരികരഹിതവുമായ അപമതിപ്പെടുത്തലുകൾക്കെതിരെ നാഷണൽ കമ്മീഷൻ ഫോർ ജസ്റ്റിസ് ആന്റ് പീസ് (NCJP) അതിന്റെ വാർഷിക റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. ക്രിസ്ത്യാനികൾ, ഹിന്ദുക്കൾ, അഹ്മദികൾ, ജൂതർ.. എന്നിങ്ങനെയുള്ള മതന്യൂനപക്ഷങ്ങൾക്കെതിരെ വർഗ്ഗീയ വിഷം പുറത്തുവിടുന്ന ചില പത്രങ്ങളെ ഈ റിപ്പോർട്ടിൽ പ്രത്യേകം എടുത്തുപറയുന്നു. ഈ പത്രങ്ങൾ അഹ്മദികളെ 'ഖാദിയാനികളെന്നും' 'മിർസായി' കളെന്നുമാണ് നിന്ദാപരമായി വിശേഷിപ്പിക്കാറുള്ളത്. ക്രിസ്ത്യാനികൾ ഈ പത്രങ്ങളുടെ ഭാഷയിൽ ഈസായികളാണ്. അടുത്തകാലത്താണ് ഇത്തരം അവഹേളനകരമായ ഭാഷ പത്രമാധ്യമങ്ങളിൽ വർദ്ധിച്ചത്.

ഇത്തരം അവഹേളനപരവും നിന്ദാപരവുമായ പദപ്രയോഗങ്ങൾക്കെതിരെ പാക്ക് നാഷണൽ അസംബ്ലിയിലെ ഒരു ന്യൂനപക്ഷ മെമ്പർ ഒരു ഉറുദുപത്രത്തിന്റെ പത്രാധിപർക്ക് കത്തെഴുതുകയുണ്ടായി. എന്നാൽ പത്രം അതിന്റെ നയം തിരുത്താൻ തയ്യാറായില്ല. മതവിദ്വേഷം വളർത്തുന്ന പ്രസംഗങ്ങളെപ്പറ്റിയും കമ്മീഷൻ റിപ്പോർട്ടിൽ പരാമർശമുണ്ട്. 1974 സെപ്തംബർ 7-നാണ് അഹ്മദികളെ പാക്കിസ്ഥാനിൽ അമുസ്ലിംകളായി പ്രഖ്യാപിക്കുന്നത്. ഈ ദിവസത്തെ അനുസ്മരിക്കുന്നതിനായി 2005 നവംബർ 14-ന് കറാച്ചിക്കടുത്ത ബാദിനിൽ ചേർന്ന പൊതുയോഗത്തിൽ ഖതം-എ- നുബുവ്വത്ത് എന്ന സംഘടനയുടെ ആളുകൾ സഭ്യേതരമായ ഭാഷയിൽ അഹ്മദികളെ അവഹേളിച്ചുകൊണ്ട് പ്രസംഗിച്ചു. ഇതേ സംഘടനയുടെ ആളുകൾതന്നെ സെപ്തംബർ 29, 30 തിയ്യതികളിലായി റബ്‌വയിൽ യോഗം സംഘടിപ്പിച്ചപ്പോൾ അവിടെയും പ്രകോപനപരമായി പ്രസംഗിച്ച് ആളുകളെ അഹ്മദിയ്യത്തിനെതിരെ തിരിക്കുകയുണ്ടായി. 2005 ഒക്ടോബർ 1-ാം തിയ്യതി 'ജാമിയ അഷ്റഫിയ' പള്ളിയിലെ അജ്മദ് ഷകൂർ എന്ന മതപണ്ഡിതൻ അഹ്മദികളെ കൊല്ലുന്നവർക്ക് സ്വർഗ്ഗത്തിൽ പ്രവേശനമുറപ്പാണെന്ന് തന്റെ ശിഷ്യരോട് പറഞ്ഞു. തൊട്ടടുത്ത ദിവസം ഒരഹ്മദികുട്ടിയെ ഈ മുല്ലായുടെ വിദ്യാർത്ഥികൾ അടിച്ചു വീഴ്ത്തി. പരിസരവാസികൾ പോലീസിലറിയിച്ചെങ്കിലും നടപടികളൊന്നുമുണ്ടായില്ല.

പാക്ക് മാധ്യമങ്ങൾ ക്രിസ്ത്യാനികളെയും വെറുതെ വിടുന്നില്ല. ഒരു പ്രഖ്യാത ഉറുദു പത്രത്തിൽ വരുന്ന സാരേ-രാഹേ എന്ന കോളത്തിൽ ബെനഡിക്ട് 16-ാമൻ മാർപ്പാപ്പയേയും റോമൻ കാത്തലിക് സഭയേയും അപമതിപ്പെടുത്തിക്കൊണ്ട് രണ്ട് ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. ഒരു ഉറുദു ദേശീയപത്രം ഒക്ടോബർ 20-ാം തിയ്യതിയിലെ എഡിറ്റോറിയലിൽ പാസ്റ്റർ പീറ്റർ റോബർട്ട്സൺ എന്ന ക്രിസ്തീയ പുരോഹിതനെതിരെ ഹീനമായ ഒരു ആരോപണമുയർത്തി. 1995 മുതൽ പാക്ക് മുസ്ലിംകളെ ക്രിസ്ത്യാനികളാക്കി പരിവർത്തനം ചെയ്യിക്കുകയാണ് ഇദ്ദേഹം എന്നായിരുന്നു പത്രത്തിന്റെ കണ്ടെത്തൽ. ഏകദേശം 17000 ഓളം മുസ്ലിംകൾ ഇങ്ങനെ പരിവർത്തിതരായി എന്നാണ് പത്രത്തിന്റെ ആരോപണം. ഈ പ്രതിഭാസത്തിനെതിരെ ഉയർത്തെഴുന്നേൽക്കാൻ മുസ്ലിംപുരോഹിതന്മാരോട് ആഹ്വാനം ചെയ്യുകയും ചെയ്തു ഈ പത്രം. ഈ മുഖപ്രസംഗം വന്ന് ദിവസങ്ങൾക്കുള്ളിൽ സാംഗ്ള ഹില്ലിലുള്ള ക്രിസ്ത്യൻ ആരാധനാലയങ്ങളും, വസ്തുവകകളും നശിപ്പിക്കപ്പെട്ടു. പുരോഗമനാശയക്കാരായ മുസ്ലിംകൾ നിശബ്ദത പാലിച്ചെങ്കിലും ഈ വംശീയ വിച്ഛേദനത്തെ കടുത്തഭാഷയിൽ അപലപിക്കാനോ പ്രതിഷേധിക്കാനോ ആരും തയ്യാറായില്ല. തൻസിമത്ത് മദാരിസ്-എ-ദിനിയ എന്ന മതസംഘടനയുടെ സെക്രട്ടറി ഡോ. സർഫറസ് നയിമി ഈ ആസൂത്രിത കലാപത്തെ ന്യായീകരിക്കുകയും ചെയ്തു.

മറ്റൊരു പത്രം 'രസകരമായ' ഒരു വാർത്തയാണ് പ്രസിദ്ധീകരിച്ചത്. കപടപ്രണയം നടിച്ച് ആളുകളെ ക്രിസ്ത്യാനികളാക്കുന്ന ചില സുന്ദരികളും സുന്ദരന്മാരും പാക്കിസ്ഥാനിൽ നിഗൂഢമായി പ്രവർത്തിക്കുന്നുണ്ടെന്നായിരുന്നു പത്രത്തിന്റെ സ്ക്രിപ്റ്റ്. ഈ വാർത്തയെ തുടർന്ന് ക്രിസ്ത്യാൻ പുരോഹിതന്മാർക്കെതിരെ പലയിടത്തും ജനം അക്രമാസക്തരായി. ഇനിയുമൊരു ദേശീയപത്രം ചില മുസ്ലിം പുരോഹിതന്മാരുടെ അഭിപ്രായങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഈ മുല്ലാമാർ പാക്ക് ഗവർമ്മെന്റിനോട് മതന്യൂനപക്ഷങ്ങളോട് കടുത്ത രീതിയിൽ പെരുമാറാൻ ആവശ്യപ്പെട്ടു. ന്യൂനപക്ഷങ്ങളുടെ ആഘോഷങ്ങൾ അനുവദിക്കരുതെന്ന് അവർ പത്രത്തിലൂടെ ഗവർമ്മെന്റിനോട് പറഞ്ഞു. ക്രിസ്തുമസ് ദിവസം ബർണബാസിന്റെ സുവിശേഷം ഉദ്ധരിച്ചുകൊണ്ടാണ് ചില പത്രങ്ങൾ ക്രിസ്ത്യാനികളെ ആക്രമിച്ചത്. NCJP റിപ്പോർട്ടനുസരിച്ച് അഹ്മദിയ്യാ ജമാഅത്തുതന്നെ 1379 ഓളം അവഹേളനപരമായ പത്രറിപ്പോർട്ടുകളെപ്പറ്റി പരാതി ഉന്നയിച്ചിട്ടുണ്ട്.

മാധ്യമങ്ങളെ കൂടാതെ പാക്കിസ്ഥാനിലെ സാമൂഹികപാഠ ടെക്സ്റ്റ് ബുക്കുകളും വിവേചനപരമായ രീതിയിലാണ് ന്യൂനപക്ഷങ്ങളെപ്പറ്റി പരാമർശിക്കുന്നതെന്ന് കമ്മീഷൻ പറയുന്നു. പാക്കിസ്ഥാനിലെ സിയാ ഭരണകാലത്ത് പാഠപുസ്തകങ്ങളിൽ വ്യാപകമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. ഈ പാഠപുസ്തകങ്ങളാണ് ഇപ്പോഴും നിലവിലുള്ളത്. ഇവയിലുള്ള പല പാഠഭാഗങ്ങളും ജനാധിപത്യവിരുദ്ധവും ഏകാധിപത്യപരവുമായ കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യങ്ങളാണ്. ഈ പാഠപുസ്തകങ്ങളിലെ ഇസ്ലാമിനെക്കുറിച്ചുള്ള ഇടുങ്ങിയതും രാഷ്ട്രീയവല്ക്യതവുമായ നിർവചനങ്ങൾ പാക്ക് യുവജനങ്ങളെ മതപരമായി യാഥാസ്ഥിതികരാക്കിത്തീർക്കുന്നുണ്ട്. കൂടാതെ ഹിന്ദുമതത്തെ വികൃതമാക്കിയാണ് പാക്ക്- പാഠപുസ്തകങ്ങൾ അവതരിപ്പിക്കുന്നത്. നിന്ദാർഹരായ ശത്രുക്കളായാണ് ഇവ ഹൈന്ദവരെ ചിത്രീകരിക്കുന്നത്. ഹിന്ദുക്കളെ അധമരായി ചിത്രീകരിക്കുന്ന ഈ പുസ്തകങ്ങൾ 'ഇന്ത്യ'യെ നിത്യവിരോധിയായ അയൽരാജ്യമായിട്ടാണ് വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നത്. ഇന്ത്യയുടേതിൽനിന്നും വിഭിന്നമായ ഒരു ഭൂതകാലവും ചരിത്രവുമാണ് പാക്കിസ്ഥാന്റേതെന്ന് ഈ പാഠപുസ്തകങ്ങൾ പ്രഖ്യാപിക്കുന്നു. പാക്കിസ്ഥാനി പാഠഭാഗങ്ങളിൽ 'ഹിന്ദു' എന്ന വാക്ക് വരുമ്പോൾ തന്നെ അതിനോട് ചേർന്നുതന്നെ കൗശലം', 'കപടത' തുടങ്ങിയ വിശേഷണങ്ങൾ കാണപ്പെടും. ഈ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് പാക്കിസ്ഥാനി യുവതലമുറയെ പാതിസത്യങ്ങളും, അസത്യങ്ങളും ഉപയോഗിച്ച് വഴി തെറ്റിക്കുകയാണ് ചെയ്യുന്നത്.

# സംഘടനയിലെ അംഗങ്ങൾ ഒരു കുടുംബമായി മാറുക

**സി.സി. രാമകൃഷ്ണൻ**



ജൂനിയർ ജേസീസ് ഇന്ത്യ സോണൽ പ്രസിഡന്റ് സി.സി. രാമകൃഷ്ണൻ ശില്പശാലയിൽ ക്ലാസ്സെടുക്കുന്നു.

കണ്ണൂർ: ഏപ്രിൽ 9. ഒരു സംഘടനയിലെ അംഗങ്ങൾ ഒരു കുടുംബംപോലെയായി തീർന്നാൽ മാത്രമെ പരസ്പരം സ്നേഹത്തോടെയും സഹകരണത്തോടെയും ഒറ്റക്കെട്ടായി മുന്നോട്ടുനീങ്ങാൻ സാധിക്കുകയുള്ളൂവെന്ന് ജൂനിയർ ചേംബർ ഇന്ത്യ (JCI) യുടെ സോണൽ പ്രസിഡന്റ് ശ്രീ. സി.സി. രാമകൃഷ്ണൻ പറഞ്ഞു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ മജ്ലിസുകളിലെ പ്രവർത്തക സമിതി അംഗങ്ങൾക്കായി നടത്തിയ ഏകദിന ശില്പശാലയിൽ ക്ലാസ്സെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഞാനെന്തിന് ഈ സംഘടനയിൽ അംഗമായി എന്ന് ഓരോരുത്തരും ചിന്തിക്കണം. ശക്തമായ ടീമായി മാറുമ്പോഴാണ് ഊർജ്ജം ലഭിക്കുന്നത്. അപ്പോൾ മാത്രമാണ് ഒരംഗത്തിന് തന്റെ സംഘടനയുടെ സന്ദേശവാഹകനാകാൻ സാധിക്കുന്നത്. അദ്ദേഹം തുടർന്നു:

ശില്പശാല നോർത്ത് ഇലാഖ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ കണ്ണൂർ ടൗൺ ജമാഅത്ത് പ്രസിഡന്റ് ജനാബ് ബി. അബ്ദുസ്സലാം സാഹിബ് ഉദ്ഘാടനം ചെയ്തു. മജ്‌ലിസുകളിലെ പ്രവർത്തകസമിതി അംഗങ്ങളും ശില്പശാലയിൽ പങ്കെടുത്തു. മൗലവി ശരീഫ് അഹ്മദ് സാഹിബ് ഖാദിമീങ്ങൾ വ്യക്തിജീവിതത്തിൽ പാലിക്കേണ്ട കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് ക്ലാസ്സെടുത്തു. തുടർന്ന് പ്രവർത്തകസമിതി അംഗങ്ങളുടെ കർത്തവ്യങ്ങളെക്കുറിച്ച് കെ. അബ്ദുൽഅസീസ് സാഹിബ്, സബാഹ് സാഹിബ്, സി. ശമീം സാഹിബ്, ടി. ശറഫുദ്ദീൻ സാഹിബ്, പി. ശഫീ അഹ്മദ് സാഹിബ് എന്നിവർ സംസാരിച്ചു. എം.സി. ഫയിം അഹ്മദ് സാഹിബ് ഖുർആൻ ഓതി. ടി. ഷാജിർ അഹ്മദ് സ്വാഗതവും ടി. ആശിഖ് നന്ദിയും പറഞ്ഞു.



ഫിജി വൈസ് പ്രസിഡന്റുമായി ഹുസൂർ സംഭാഷണത്തിൽ

(6-ാം പേജിൽനിന്ന്)

ഓരോ നിസാമും പ്രവർത്തന നിരതരാവണമെന്നാണ് ഞാൻ പറയുന്നത്. ഹ: മുസ്ലിം മഹമൂദ്(റ) ശാഖാ സംഘടനങ്ങൾക്കനുവാദം നൽകിയതിന്റെ ഉദ്ദേശ്യം ജമാഅത്തിന്റെ ഓരോ വിഭാഗത്തെയും ഊർജ്ജസ്വലമാക്കുക എന്നും എല്ലാ തരത്തിലുള്ള ബലഹീനതയും കുറവും പരിഹരിക്കപ്പെടണം എന്ന ഉദ്ദേശത്തോടുകൂടിയായിരുന്നു അദ്ദേഹം (മുസ്ലിം മഹദൂദ്(റ)) പറഞ്ഞു: എവിടെയൊക്കെ ജമാഅത്തീ നിസാമിന് ബലഹീനതയുണ്ടോ അവിടത്തെ ശാഖാ സംഘടനങ്ങൾ ഊർജ്ജസ്വലരാണെങ്കിൽ ജമാഅത്തിന്റെ ചുവട് വെയ്പ്പ് മുമ്പോട്ട് തന്നെയായിരിക്കും ശാഖാ സംഘടനകൾ ബലഹീനമാണെങ്കിൽ ഉദാഹരണമായി പുരുഷൻമാർ അലസരും ലജ്നയുടെ പ്രവർത്തനം നല്ലവണ്ണം നടക്കുന്നുമുണ്ടെങ്കിൽ എന്തെങ്കിലും തരത്തിലുള്ള ചലനം ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. അതേപോലെ വൃദ്ധരായ അൻസാറുകൾ ബലഹീനരാണെങ്കിൽ അവിടെ ഖുദ്ദാമുൽ അഹ്മദിയ്യാ മുഖേന ചലനങ്ങൾ നിലനിർത്തപ്പെടുന്നു. എവിടെ ഇവർ രണ്ടും ബലഹീനരാണങ്കിൽ ജമാഅത്തിന്റെ നിസാം മുഖേന ചലനാത്മകത നിലനിൽക്കുന്നു.

ഈ എല്ലാ ശാഖാ സംഘടനകളും ജമാഅത്തിലെ സംവിധാനങ്ങൾ തന്നെയാണ്. ഒന്ന് മറ്റൊന്നിനെ ഉത്തേജിക്കുന്നവയാണ് എന്നാൽ എവിടെ ഇവരെല്ലാം തന്നെ സജീവവും പ്രവർത്തന നിരതരുമാവുകയാണെങ്കിൽ അതായത് ശാഖാ സംഘടനകൾ മൂന്നും സജീവമാവുകയും ജമാഅത്തിന്റെ നിസാമും ഊർജ്ജസ്വലമാവുകയും ചെയ്താൽ അവിടെ ജമാഅത്തിന്റെ എണ്ണത്തിൽ വരുന്ന പുരോഗതി എത്രയോ മടങ്ങായി വർദ്ധിക്കുന്നതാണ്.

ശുഅ്ബ തർബിയത്തിന് മുമ്പായി നിർദ്ദേശം നൽകിക്കൊണ്ട് ഹുസൂർ തിരുമനസ്സ് ഇപ്രകാരം പറഞ്ഞു:

നവ അഹ്മദികളായ ഖാദിംകൾക്ക് യഥാർത്ഥ തർബിയത്ത് നൽകപ്പെടുകയാണെങ്കിൽ അവർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ബഡ്ജറ്റിന്റെ ഭാഗമായി തീരുമായിരുന്നു. എല്ലാ സെക്രട്ടറിമാരും വകുപ്പുകളും ഒന്ന് മറ്റൊന്നിനെ സപ്പോർട്ട് ചെയ്യുന്നവരും സഹായിക്കുന്നവരുമാണ് ഈ വകുപ്പുകളെ വിവിധങ്ങളാക്കി തിരിച്ചത് ഓരോ വകുപ്പും ഊർജ്ജസ്വലതയോട് കൂടി പ്രവർത്തിക്കുകയാണെങ്കിൽ എല്ലാ പ്രവർത്തനങ്ങളും എളുപ്പമായിത്തീരുന്നു എന്നത് കൊണ്ടാണ്. ■

Published by Dr. Salahudheen, North Illaqa Quaid for Majlis Khuddamul Ahmadiya. Chief Editor - B.M. Shoukhathali, Editor - Shamsudheen, Kannur.